# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAD-PTA/P5/934/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/11/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-4 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PTA/P5/934/2022 തീയ്യതി: 03/11/2022

## പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്മിശ്ധ. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശാ എം കുരുവിള, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി വർഗ്ഗീസ് ജോൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഷാജി എ തമ്പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-01-2022 |
| ശ്രീ സുനിൽ കുമാർ എസ്സ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമതി ക്ളാഡിയ എം സി | ഐ സിഡി എസ്സ് സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| ശ്രീമതി.കവിത.എസ്സ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മാല.റ്റി.കെ | ഹെഡ്മിസ്ട്രസ്സ് (ഇൻ ചാർജ്) | 01-04-2021 | 12-12-2021 |
| ശ്രീ. ഗീവർഗീസ്സ് ഉമ്മൻ | ഹെഡ്മാസ്റ്റർ | 13-12-2021 | 31-03-2022 |
| ഡോ മാത്യു എം | വെറ്ററിനറി സർജൻ | 01-04-2021 | 01-08-2021 |
| ഡോ സൂസൻ ജോസഫ് | വെറ്ററിനറി സർജൻ | 02-08-2021 | 31-03-2022 |
| ശ്രീ രാജേഷ് ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.രാകേഷ് കോശി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ നെബു പി മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ രഞ്ജിത ടി വർഗ്ഗീസ്, | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-10 |
| 11 | സേവന ഉപനികുതി ചുമത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്<br>Written By: Shyju Y (Asst. Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-11 |
| 12 | പാർക്കിംഗ് സ്ഥലം ഉറപ്പുവരുത്താതെ കെട്ടിടത്തിന് ഒക്കുപ്പെൻസി നൽകി<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-12 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-13 |
| 14 | ലൈസൻസ് ഫീ - അപാകങ്ങൾ<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-14 |
| 15 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-15 |
| 16 | പെർമിറ്റ് നൽകിയതിൽ അപാകതകൾ<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-16 |
| 17 | കെട്ടിടങ്ങളുടെ സെല്ലാർ ഭാഗത്തിന് വസ്തുനികുതി ഈടാക്കിയില്ല<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-17 |

| | | |
|---|---|---|
| 18 | U/A നമ്പർ നൽകിയ കെട്ടിടത്തിൽ കടമുറി പ്രവർത്തിക്കുന്നു<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-18 |
| 19 | പെട്രോൾ പമ്പിന് വളരെ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു<br>Written By: Shyju Y (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-19 |
| 20 | കടമുറികൾ പൊളിച്ചുകളഞ്ഞു- പഞ്ചായത്തിന് വൻ വരുമാന നഷ്ടം<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-20 |
| 21 | കടമുറികൾ ദീർഘകാലമായി ഒരേ വാടകക്കാർ ഉപയോഗിക്കുന്നു - ലേലം നടത്തുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-21 |
| 22 | അതിഭീമ വാടകകുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-22 |
| 23 | അധികം ഇനം പ്രവൃത്തികൾക്ക് ടെണ്ടർ വ്യതിയാനം പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-23 |
| 24 | റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-24 |
| 25 | പാർട്ട് ബില്ലിൽനിന്നും റീടെൻഷൻ പിടിച്ചില്ല; പ്രവൃത്തി നടത്തിപ്പിൽ വീഴ്ച<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-25 |
| 26 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-26 |
| 27 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-27 |
| 28 | അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 13,68,400 രൂപ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-28 |
| 29 | എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി; റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-29 |
| 30 | ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-30 |
| 31 | പരേതർക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തു ഇനത്തിൽ സർക്കാർ ഖജനാവിന് 4.48 രൂപയുടെ നഷ്ടം - സംബന്ധിച്ച്<br>Written By: T Anilkumar (Audit Officer (HG), On 01-09-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-31 |
| 32 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-32 |

| | | |
|---|---|---|
| 33 | കുടിവെള്ള കുടിശിക പെരുകുന്നു; പഞ്ചായത്തിന് 66 ലക്ഷം രൂപയുടെ ബാധ്യത<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-33 |
| 34 | ടെണ്ടർ കൂടാതെ ഇലക്ട്രോണിക് വീൽ ചെയർ വാങ്ങി<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-34 |
| 35 | കൂടിയ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങി<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-35 |
| 36 | ക്വട്ടേഷൻ ക്ഷണിക്കാതെ ചെലവ് നടത്തി<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-36 |
| 37 | നായകൾക്ക് ലൈസൻസ് എടുക്കാത്തതിന് പിഴ ഈടാക്കുന്നില്ല<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-37 |
| 38 | അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനം ഊർജ്ജിതമല്ല<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-38 |
| 39 | പരിസരമലിനീകരണം - തുടർ നടപടി സ്വീകരിക്കേണ്ടത് അനിവാര്യം<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-39 |
| 40 | പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ - തനതു ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത് 43.45 ലക്ഷം രൂപ<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-40 |
| 41 | സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക 14.81 ലക്ഷം ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-41 |
| 42 | മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല - മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-42 |
| 43 | ഇ-ടെണ്ടർ ഫീസ് തിരികെ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-43 |
| 44 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 1-44 |
| 45 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കണം<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 12-10-2022) | 1-45 |
| 46 | നിഷ്ക്രിയമായ അക്കൗണ്ടിലെ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Asha M Kuruvilla (Auditor, On 02-10-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |

| | | |
|---|---|---|
| | ഭാഗം **3** | |
| 1 | ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 30-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 3-1 |
| 2 | അധികം ഇനം പ്രവൃത്തികൾക്ക് ടെണ്ടർ വ്യതിയാനം പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Asha M Kuruvilla (Auditor, On 28-08-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Asha M Kuruvilla (Auditor, On 28-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Asha M Kuruvilla (Auditor, On 28-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 31-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T Anilkumar (Audit Officer (HG), On 05-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-11-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-10-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 16.02.2021 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 19.02.2021 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | 26.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

2021-22 ലെ വാർഷിക ധനകാര്യ പത്രിക 20.05.2022-ന് എയിംസിൽ ഇ-സബ്മിറ്റ് ചെയ്തു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ/പരിശോധനയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B4-Development Fund- Central Finance Commission Grant (Code No- 320200104) ഇനത്തിൽ 370632 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. യഥാർത്ഥ നീക്കിയിരിപ്പ് 367340 രൂപയാണ്.

2. ഷെഡ്യൂൾ B4-Grants From Suchithwa Mission (Code No- 320100121) എന്ന ഇനത്തിൽ 1593797 രൂപയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. യഥാർത്ഥ നീക്കിയിരിപ്പ് തുക 1418477 രൂപയാണ്.

3. സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും റവന്യൂ, ക്യാപിറ്റൽ എന്നീ ഇനങ്ങൾക്കായി ലഭിച്ച തുയുടെ നീക്കിയിരിപ്പും (₹15,81,446) അതിനായി ഓപ്പൺ ചെയ്തിരിക്കുന്ന ട്രഷറി സ്പെഷൽ ടി.എസ്.പി-ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും (₹13,95,021) തമ്മിൽ പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പിൽ 1,86,425 രൂപയുടെ വ്യത്യാസമുണ്ട്.

4. ഷെഡ്യൂൾ B4- Contribution For Joint Venture Projects- (For Capital Expenditure)- From District Panchayats (Code No- 320700204) എന്ന ഇനത്തിൽ 3,42,860 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഇത് ഏത് വർഷത്തിൽ ഏത് പദ്ധതിയ്ക്കായി ലഭിച്ച തുകയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

5. ഷെഡ്യൂൾ B4- Contribution For Joint Venture Projects- (For Capital Expenditure)-from Block Panchayat (Code No- 320700204) എന്ന ഇനത്തിൽ 2,46,999 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഇത് ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

6. ഷെഡ്യൂൾ B4- Contribution For Joint Venture Projects- (For Revenue Expenditure)-from District Panchayat (Code No- 320700205) എന്ന ഇനത്തിൽ 8,91,587 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്നോ ഏതെല്ലാം പ്രോജക്ടുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണെന്നോ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

7. ഷെഡ്യൂൾ B4- Beneficiary Contributions (Code No. 320800202) എന്ന ഇനത്തിൽ 13,655 രൂപ നീക്കിബാക്കിയായി കാണിച്ചിട്ടുള്ളത്, ഏത് പദ്ധതിയ്ക്കായി ലഭിച്ച തുകയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

8. ഷെഡ്യൂൾ B-7- Bidder's Earnest Money Deposit (Code No-340100103) എന്ന ഇനത്തിൽ 2,42,744രൂപയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ നീക്കിബാക്കിയായിട്ടുള്ളത് 3,43,126 രൂപയാണ് (343026+15000-14900).

9. ഷെഡ്യൂൾ B-7- Auction Deposit (Code No-340200102) എന്ന ഇനത്തിൽ 67,25,717രൂപയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ നീക്കിബാക്കിയായിട്ടുള്ളത് 69,91,367 രൂപയാണ്(6406861+655506-71000).

10. ഷെഡ്യൂൾ B-15- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. ഷെഡ്യൂൾ B-15-തൊഴിൽ നികുതി ഡിമാന്റ്, അരിയർ കളക്ഷൻ എന്നിവ യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ B-18:- Advance To Implementing Agencies-Deposit With KWA, Deposit With KSEB, Deposit With Ground Water Department, Deposit With Public Work Department എന്നീ ഇനങ്ങളിൽ യഥാക്രമം ₹26,00,000, ₹23,98,692, ₹3,17,513, ₹9,64,000 വീതം ബാലൻസ് ഉണ്ട്. മേൽ ഏജൻസികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ

രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റേണ്ടതാണ്.

13. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് പൂർണ്ണമായും ഷെഡ്യൂൾ I-6, ഷെഡ്യൂൾ I-14(a) എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല. (അവിദഗ്ധ തൊഴിലാളികളുടെ വേതനവും ഭരണ ചെലവും മാത്രമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.)

14. വികസനഫണ്ട് (ജനറൽ) ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരം ചെലവായി കാണിച്ചിരിക്കുന്നത് തെറ്റാണ് (₹4880507). വാർഷിക ധനകാര്യ പത്രിക പ്രകാരവും (₹6195707) കാണിച്ചിരിക്കുന്ന തുകയും തെറ്റാണ്. യഥാർത്ഥ ചെലവ് തുക ₹ 6450107.

15. ശുചിത്വമിഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകയായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്ന തുക (₹1593797) തെറ്റാണ്. യഥാർത്ഥ നീക്കിയിരിപ്പ് തുക 14,18,477 രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,56,57,641 |
| വരവ് | 5,79,03,786 |
| ആകെ | 7,35,61,437 |
| ചെലവ് | 5,54,86,149 |
| നീക്കിയിരിപ്പ് | 1,80,75,288 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | A-C |
| വികസനഫണ്ട് (ജനറൽ) | 6666178 | 6052978 | 4880507 | 216071 |
| വികസനഫണ്ട് (എസ്.സി.പി) | 2725753 | 2725753 | 2086411 | 639342 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 4144529 | 4144529 | 3029008 | 1115521 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1411080 | 1411080 | 930578 | 480502 |
| സംരക്ഷണ ഫണ്ട്-റോഡ് | 8198487 | 8198487 | 6740915 | 1457572 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 4920474 | 4920474 | 2961238 | 1959236 |

| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| ശബരിമല സ്പെഷ്യൽ ഗ്രാൻറ് | 128981 | 290000 | 418981 | 368845 | 50136 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ശുചിത്വ മിഷൻ | 2186682 | 130000 | 2316682 | 898205 | 1418477 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എസ്. | 11154 | 8315679.5 | 8326833.5 | 8326637.5 | 196 |
| ഐ.സി.ഡി.എസ്. | 982636 | 553431 | 1536067 | 167667 | 1368400 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് -ചെലവി കണക്കിലെ അപാകതകൾ

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം വികസനഫണ്ട് (ജനറലിൽ)-ന്റെ വരവ് തുക 6052978 രൂപയാണ്. വികസനഫണ്ട് (ജനറലിൽ)-ന്റെ യഥാർത്ഥ വരവ് തുക 6666178 രൂപയാണ്. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ട്രാൻഫർ ക്രെഡിറ്റ് ചെയ്യാനുള്ള തുക, വികസനഫണ്ട് (ജനറലിൽ) നിന്നും സ്രോതസ്സിൽ കുറവുചെയ്ത തുക (₹613200) വാർഷിക ധനകാര്യ പത്രികയിലും എ.സി.ആർ-ലും, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലും വരവായി എടുത്തിട്ടില്ല.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം വികസനഫണ്ട് (ജനറലിൽ)-ന്റെ ചെലവ് തുക 4880507 രൂപയാണ്. വികസനഫണ്ട് (ജനറലിൽ)-ന്റെ യഥാർത്ഥ ചെലവ് തുക 6450107 രൂപയാണ്. വിഇഒ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 19 പ്രകാരമുള്ള 1315200 രൂപയും പ്രോജക്ട് നം. 9 പ്രകാരമുള്ള 50000 രൂപയും ചെലവിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു കൂടാതെ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത ഗഡു തുകയും (₹204400-സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്) ചെലവിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഡവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകയായി (₹370632) വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്ന തുക തെറ്റാണ്. യഥാർത്ഥ നീക്കിയിരിപ്പ് തുക 367340 രൂപയാണ്.

4. ശുചിത്വമിഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകയായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്ന തുക (₹1593797) തെറ്റാണ്. യഥാർത്ഥ നീക്കിയിരിപ്പ് തുക 14,18,477 രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 159 | 43963952 | 82 | 28703425 | 35 | 42 | 65% |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 1525000 | 1525000 | 100 |
| വെറ്ററിനറി സർജൻ | 4 | 3 | 1063000 | 260050 | 24.46 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 3 | 1 | 950000 | 751064 | 79.06 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 1776000 | 1776000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 12 | 4707410 | 2887727 | 61.34 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 2019500 | 1508589 | 74.7 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 22 | 19 | 8732619 | 6959860 | 79.7 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 3 | 1 | 350000 | 200000 | 57.14 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.) | 92 | 62 | 22116423 | 12377302 | 55.96 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 225000 | 111048 | 49.35 |
| അസിസ്റ്റൻറ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 5 | 4 | 449000 | 296785 | 66.1 |
| ആകെ | 159 | 117 | 43963952 | 28703425 | |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | | 11154 | 605246.5 | 616400.5 | 616204.5 | 196 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം | 0 | 6323499 | 6323499 | 6323499 | 0 |
| | വിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം | 0 | 266512 | 266512 | 266512 | 0 |
| | മെറ്റീരിയൽ | 0 | 1120422 | 1120422 | 1120422 | 0 |
| ആകെ | | 11154 | 8315679.5 | 8326833.5 | 8326637.5 | 196 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 815700 | 52 |
| വിധവാപെൻഷൻ | 6672200 | 440 |
| വാർദ്ധക്യകാല പെൻഷൻ | 13630900 | 916 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2089700 | 137 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 208000 | 14 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2022-ാം തീയതി 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65,364 രൂപ (അറുപത്തി അയ്യായിരത്തി മുന്നൂറ്റി അറുപത്തിനാല് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും രേഖകളും ശരിയായ രീതിയിൽ പരിപാലിച്ചിട്ടുണ്ട്. നികുതികളും, ഫീസുകളും പിരിച്ചെടുക്കുന്ന കാര്യത്തിൽ നല്ല പുരോഗതി കൈവരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുജനങ്ങൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

എല്ലാ ജീവനക്കാരുടെയും ചുമതലകൾ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ഫയലുകളും രജിസ്റ്ററുകളും തപാലുകളും കൃത്യമായി കൈമാറുന്ന രീതി അവലംബിച്ചതായി കണ്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ/സെക്ഷൻ ചുമതല കൈമാറുമ്പോൾ ഫയൽ കൈമാറ്റ രജിസ്റ്റർ മുഖേന മാത്രം രജിസ്റ്ററുകളും ഫയലുകളും താപാലുകളും കൈമാറേണ്ടതും, ആയതിൽ സെക്രട്ടറിയുടെ മേലൊപ്പ് വാങ്ങി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ചാർജ്ജ് കൈമാറുന്ന ഉദ്യോഗസ്ഥനും, ചാർജ്ജ് ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥനും സൂക്ഷിക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിരീക്ഷണ/നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമല്ല. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. ഇക്കാര്യത്തിലുള്ള തങ്ങളുടെ ഉത്തരവാദിത്വം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും കൃത്യമായി നിർവ്വഹിക്കുന്നില്ല. 2021-22 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത 92 പ്രവൃത്തികളിൽ, 81.74 ലക്ഷം രൂപ അടങ്കലുള്ള 30

പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകിയിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിൽതന്നെ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ വർഷാന്ത്യത്തിലേക്ക് നീണ്ടുപോയതായാണ് കണ്ടത്.

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. മുൻകാലങ്ങളിലെന്നപോലെ വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടിൽ ഊന്നി ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി തുടരുന്നു. കുറഞ്ഞ അടങ്കൽ തുകയുള്ളതും, ഫലക്ഷമത കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവഷ്കരിക്കപ്പെടുന്നതിന് ഇത് കാരണമാകുന്നു. പശ്ചാത്തല മേഖലയിൽ കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികൾ ആവിഷ്കരിക്കുന്നതിനാൽ ഇവ സമയബന്ധിതമായി പൂർത്തിയാക്കാനാകാതെ ഫണ്ട് ലാപ്സാകുന്നതിന് ഇടയാകുന്നു.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും, ഫോൺ നമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി ചെയ്യേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെട്ടിട്ടില്ല. സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ സമിതികളെയും പ്രാദേശിക മോണിട്ടറിംഗിന് ചുമതലപ്പെടുത്തിയിരുന്നില്ല. പദ്ധതി നിർവ്വഹണ പുരോഗതിയും, ഭൗതികനേട്ടവും മുകൾതലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം പ്രവർത്തനസജ്ജമാക്കാതിരുന്നത് വലിയ പോരായ്മയാണ്.

ആവർത്തന സ്വഭാവമുള്ള തനത് ചെലവുകളിന്മേലുള്ള നിയന്ത്രണം ഫലപ്രദമല്ല. തെരുവ് വിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ എന്നീ കാര്യങ്ങളിലുള്ള നിയന്ത്രണം ഫലപ്രദമല്ല. വെള്ളക്കരം അര കോടി കഴിഞ്ഞിട്ടും കുടിശിക നിവാരണം ചെയ്യുന്നതിന് നടപടിയില്ല. അതുപോലെതന്നെ തെരുവ് വിളക്കുകളുടെ മീറ്ററിംഗും പൂർത്തിയാക്കിയിട്ടില്ല.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. മരണപ്പട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്ത വകയിൽ 4 ലക്ഷത്തിൽ അധികം രൂപ സർക്കാർ ഖജനാവിന് നഷ്ടമായതായി ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ വ്യക്തമായി. ക്ഷേമപെൻഷൻ വിതരണ സംവിധാനത്തിന്മേലുള്ള പഞ്ചായത്തിന്റെ നിയന്ത്രണം കാര്യക്ഷമമല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2019 മുതൽ 07.03.2019 വരെ | 2013 - 2014 മുതൽ 2017- 2018 വരെ | 06.04.2019 |
| പെർഫോമൻസ് ഓഡിറ്റ് | 01.07.2022 മുതൽ 02.07.2022 വരെ | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 സേവന ഉപനികുതി ചുമത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം വസ്തുനികുതിയുടെ 10%ത്തിൽ കുറയാത്ത തുക സേവന ഉപനികുതിയായി ഗ്രാമപഞ്ചായത്തിന്

ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾ, ഡ്രെയിനേജ് സംവിധാനം എന്നിവക്ക് ഗ്രാമപഞ്ചായത്ത് എല്ലാ വർഷവും വൻതുക ചെലവഴിക്കുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സേവന ഉപനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-12 പാർക്കിംഗ് സ്ഥലം ഉറപ്പുവരുത്താതെ കെട്ടിടത്തിന് ഒക്കുപ്പെൻസി നൽകി

ശ്രീ ജോൺ മാത്യു, വഞ്ചിത്രയിൽ, തെക്കേമല എന്നയാൾക്ക് (സർവ്വെ നമ്പർ S254/8-2, S254/8A2,S254/9A,R-9A) 2178.60 $M^2$ കൊമേഴ്സ്യൽ കെട്ടിടം പണിയുന്നതിന് പെർമിറ്റ് (നമ്പർ C4-BA [265894/2018) Dtd 21-07-2018] അനുവദിച്ച് നൽകിയിരുന്നു. പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ചുവടെ പറയും പ്രകാരമാണ്.

പ്ലോട്ട് ഏരിയ- 4776 $M^2$

| | |
|---|---|
| Residential (Exs) | 210.12 $M^2$ |
| Commercal (Exs) | 576.83 $M^2$ |
| Residential (Exs) | 269 $M^2$ |
| Residential (Exs) | 375.24 $M^2$ |
| Commercal (Pro) | 747.53 $M^2$ |
| TOTAL | 2178.60$m^2$ |

കെട്ടിടം പണി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ടിയാൻ 20-07-2021 ൽ അപേക്ഷ സമർപ്പിച്ചു. 747.53$m^2$ പുതിയ നിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചതെങ്കിലും പൂർത്തീകരിച്ചത് 796.674 $M^2$ കൊമേഴ്സ്യൽ കെട്ടിടമാണ്. അധിക നിർമ്മാണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റഗുലറൈസ് ചെയ്ത് നൽകിയിരുന്നു. 02-03-2022ൽ 796.674 $M^2$ കെമേഴ്സ്യൽ കെട്ടിടത്തിന് 12/505,506 എന്നിങ്ങനെ നമ്പരിട്ട് വസ്തുനികുതി ഈടാക്കി ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി.

മാവേലിക്കര - കോഴഞ്ചേരി റോഡിനോട് ചേർന്നാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ബിൽഡിംഗ് പ്ലാനിൽ 10 M വീതി എന്നാണ് ടി റോഡിന് കാണിച്ചിരിക്കുന്നത്. സർക്കാർ വിജ്ഞാപനം ചെയ്ത സംസ്ഥാന പാത എന്ന നിലയിൽ ടി റോഡിന്റെ വീതി സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. അധികൃതരുടെ നിരാക്ഷേപപത്രം ഇല്ലാതെയാണ് കെട്ടിടത്തിന്റെ പെർമിറ്റ്, ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകിയത്.

കെട്ടിടത്തിന്റെ മുൻവശത്തെ പാർക്കിംഗ്, ബിൽഡിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽ സാധ്യമല്ലായെന്നാണ് ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ 10-02-2022-ലെ അന്വേഷണ റിപ്പോർട്ട്, ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധന എന്നിവയിൽ നിന്നും വ്യക്തമായിട്ടുള്ളത്. കെട്ടിടത്തിന്റെ മുൻവശത്ത് വീതി 3m മാത്രമാണ്. അതിനോട് ചേർന്നാണ് എം-കെ റോഡ്. പുതിയതായി നമ്പരിട്ട് നൽകിയ കെട്ടിട ഭാഗത്തിന് ആവശ്യമായ പാർക്കിംഗ് 9 ആണ്. ബിൽഡിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്താണ് 2 പാർക്കിംഗ് കാണിച്ചിരിക്കുന്നത്. ചട്ടം 29(8) പ്രകാരം പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്ന സ്ഥലത്ത് വാഹനത്തിന് വളഞ്ഞുതിരിയുന്നതിനുള്ള സഞ്ചാര സൗകര്യസ്ഥലമുള്ള പക്ഷം, ആ ഉറസ്സായ സ്ഥലത്തിന്റെ അൻപത് ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കിലെടുക്കാവുന്നതാണ്. എന്നാൽ ടി കെട്ടിടത്തിന്റെ മുൻവശത്ത് പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്ന സ്ഥലത്തിന്റെ വീതി 3m, നീളം 14 M എന്നിവ പ്രകാരം 42 ച.മീ (14x3) ആണ്. 50% സ്ഥലം പാർക്കിംഗിനായി നീക്കിവച്ചാൽ ലഭ്യമാകുന്ന സ്ഥലം 21 ച.മീ ആണ്. എന്നാൽ ഇവിടെ പാർക്കിംഗിന് ആവശ്യമായ ഏരിയ 30 ച.മീ ആണ് വേണ്ടത്. (15x2) ഇതിൽ നിന്നും വ്യക്തമാകുന്നത് കെട്ടിടത്തിന്റെ മുൻവശത്ത് രണ്ട് ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് സ്ഥലം ലഭ്യമല്ലായെന്നാണ്.

ടി കെട്ടിടത്തിന്റെ ബാക്കി പാർക്കിംഗ്, നിലവിലുള്ള കെട്ടിടങ്ങളുടെ പാർക്കിംഗ് എന്നിവക്കായി സ്ഥലം നീക്കി വച്ചിരിക്കുന്നത് ഇവിടെ നിന്നും 50 M അകലെ ഇവരുടെ തന്നെ ഉടമസ്ഥതയിലുള്ള 12/234-ാം നമ്പർ പഴയ കെട്ടിടത്തിന്റെ മുൻ വശത്താണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി സ്ഥലത്ത് ആവശ്യമായ പാർക്കിംഗ് സ്ഥലം ലഭ്യമാണെങ്കിലും പൂർണ്ണമായും മരങ്ങൾ നിറഞ്ഞു നിൽക്കുന്നതാണ്. ആയതിനാൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുകയില്ല. കൂടാതെ പാർക്കിംഗ് സ്ഥലം ചൂണ്ടിക്കാട്ടുന്ന ദിശാ സൂചികകൾ സജ്ജീകരിച്ചിട്ടില്ല. തന്മൂലം പുതിയ കൊമേഴ്സ്യൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റിൽ എത്തുന്ന ആൾക്കാർ തിരക്കേറിയ സംസ്ഥാന പാതയിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് കാരണമാകുന്നു. പാർക്കിംഗിനായി നീക്കിവച്ചിരിക്കുന്ന സ്ഥലത്തിന്റെ ചിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്.



കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 1000 ച.മീറ്ററിൽ കൂടുതലായതിനാൽ കെ.പി.ബി.ആർ റൂൾ 5(4) പ്രകാരം Fire NOC ആവശ്യമായിരുന്നു. എന്നാൽ ആയത് ഉറപ്പുവരുത്തിയിട്ടുണ്ടെന്നാണ് ബോധ്യപ്പെട്ടിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ച പ്രകാരം പാർക്കിംഗ് ഏരിയ സംബന്ധിച്ചും ആവശ്യമായ അനുമതി പത്രം ഇല്ലാതെയും ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയ സാഹചര്യത്തിൽ ടി വിഷയം തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1) തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|
| 1 | ഹോമിയോപ്പതിക് മെഡിക്കൽ സെന്റർ | 2021-22 രണ്ടാം അർദ്ധ വർഷം |
| 2 | ഗവ: ആയുർവ്വേദ ഡിസ്പെൻസറി, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 3 | കാനറാ ബാങ്ക്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 4 | ഹോം ഡെക് ട്രെഡേഴ്സ് | 2021-22 രണ്ടാം അർദ്ധ വർഷം |
| 5 | കൊശമറ്റം ഫിനാൻസ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 6 | സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 7 | സബ്ബ് രജിസ്ട്രാർ ഓഫീസ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 8 | മേലുകര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 9 | ചലഞ്ച് ഫുഡ് വെയർ, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 10 | ബജാജ് അലയൻസ് ലൈഫ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 11 | ചമയം സിൽക്സ് | 2021-22 രണ്ടാം അർദ്ധ വർഷം |
| 12 | ഗ്രാന്റ് ഓട്ടോസ്പാ, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 13 | പി.ആർ.ഡി ഫിനാൻസിയേഴ്സ്, തെക്കേമല | 2021-22 രണ്ടാം അർദ്ധ വർഷം |
| 14 | കുരുവിള & കമ്പനി, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 15 | ഡിസ്ട്രിക്ട് ക്യാൻസർ സെന്റർ സൊസൈറ്റി, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 16 | ഫെഡറൽ ബാങ്ക് ലിമിറ്റഡ്, തെക്കേമല | 2021-22 രണ്ടാം അർദ്ധ വർഷം |
| 17 | വടക്കേമുറിയിൽ ഫിനാൻഷ്യൽ കമ്പനി ഇന്ത്യ ലിമിറ്റഡ്,കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 18 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 ആദ്യ അർദ്ധ വർഷം |

2) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല</u>

2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|
| 1 | കാനറാ ബാങ്ക്, കോഴഞ്ചേരി | 2021-22 രണ്ട് അർദ്ധവർഷങ്ങളും |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോഴഞ്ചേരി | 2021-22 രണ്ട് അർദ്ധവർഷങ്ങളും |
| 3 | മുളമൂട്ടിൽ ഫിനാൻസ് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ട് അർദ്ധവർഷങ്ങളും |
| 4 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 5 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, തെക്കേമല | 2021-22 രണ്ടാം അർദ്ധ വർഷം |
| 6 | മേലുകര സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി,കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 7 | ബജാജ് അലയൻസ് ലൈഫ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 8 | പി.ആർ.ഡി ഫിനാൻസിയേഴ്സ്,തെക്കേമല | 2021-22 രണ്ടാം അർദ്ധ വർഷം |
| 9 | ഫെഡറൽ ബാങ്ക് ലിമിറ്റഡ്,തെക്കേമല | 2021-22 രണ്ടാം അർദ്ധ വർഷം |
| 10 | ആറന്മുള ചിറ്റ് ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 ആദ്യ അർദ്ധ വർഷം |

| | | |
|---|---|---|
| 11 | ആറൻമുള ചിറ്റ് ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ബ്രാഞ്ച് 1, കോഴഞ്ചേരി | 2021-22 ആദ്യ അർദ്ധ വർഷം |
| 12 | ബി.എസ്.എൻ.എൽ, കോഴഞ്ചേരി | 2021-22 രണ്ട് അർദ്ധവർഷങ്ങളും |
| 13 | ഇൻഡസ് ഇൻഡ്യ ബാങ്ക് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 14 | വടക്കേമുറിയിൽ ഫിനാൻഷ്യൽ കമ്പനി ഇന്ത്യ ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ടാം അർദ്ധ വർഷം |
| 15 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, കോഴഞ്ചേരി | 2021-22 രണ്ട് അർദ്ധ വർഷങ്ങളും |

മുകളിൽ പറഞ്ഞ പ്രകാരം 18 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, 15 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ടി വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ 8 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. ക്ഷീരോൽപ്പാദക സഹകരണ സംഘം – തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴഞ്ചേരി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഫീ - അപാകങ്ങൾ

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം 557 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 64 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീ അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം,സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3) റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 8 റേഷൻകടകളാണുള്ളത്. ഇതിൽ 3 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ

പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

4) ക്ഷീരോൽപ്പാദക സഹകരണസം ഘം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴഞ്ചേരി ക്ഷീരോൽപ്പാദക സഹകരണ സംഘം 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ (ചട്ടം 5) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പുതുക്കേണ്ടതും ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേരും വിലാസവും | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|---|
| 1 | ഡോ വിദ്യാ കുര്യൻ<br>ആയുർധാമ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കോഴഞ്ചേരി (13/1751) | ഔഷധി & വൈദ്യരത്നം ഏജൻസി |
| 2 | അമൽ.സി.റഷീദ്<br>ചാമപറമ്പിൽ<br>മാണിക്കുന്നം (13/1725) | അലൻ & ഹേബർ ദന്താശുപത്രി |
| 3 | റഷീദ്.സി.കെ<br>ചാമപറമ്പിൽ<br>മാണിക്കുന്നം (13/1724) | ഒപ്റ്റിക്കൽസ് & ഐ ക്ലിനിക് |
| 4 | ഡോ. ജേക്കബ് മാത്യു<br>ഇടത്തിമലയിൽ ഹൗസ്<br>ഇടയാനൻമുള (9/13) | ഡെന്റൽ ക്ലിനിക് |

ടി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി പുതുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 പെർമിറ്റ് നൽകിയതിൽ അപാകതകൾ

2021-22 വർഷം ചുവടെ പറയുന്ന അപേക്ഷകളിൽ പെർമിറ്റ് നൽകിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) പെർമിറ്റ് നമ്പർ - C4-BA-156419/20-21 Dtd 26-07-2021

ശ്രീ കെ.എം. വർഗ്ഗീസ്, കോയിക്കപറമ്പിൽ, മേലുകര എന്നയാൾക്ക് സർവ്വെ നം- S-546/4A-3-2 പ്രകാരമുള്ള സ്ഥലത്താണ് 641. 82 ച.മീ പ്ലിന്ത് ഏരിയായുള്ള മൂന്നുനിലകളിലായുള്ള Special Residency (A2 Occupancy) കെട്ടിടം പണിയുന്നതിന് പെർമിറ്റ് അനുവദിച്ച് നൽകിയത്. 2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29(3) പ്രകാരം ടി കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ 8 ആണ്. കൂടാതെ ചട്ടം 29(5) പ്രകാരം ഇരുചക്ര വാഹനങ്ങളുടെ  പാർക്കിംഗ് ഏരിയ 30 ച.മീ ആണ്.

ബിൽഡിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്താണ് പൂർണ്ണമായും പാർക്കിംഗ് കാണിച്ചിരിക്കുന്നത്. ചട്ടം 29(8) പ്രകാരം പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്ന സ്ഥലത്ത് വാഹനത്തിന് വളഞ്ഞുതിരിയുന്നതിനുള്ള സഞ്ചാര സൗകര്യസ്ഥലമുള്ള പക്ഷം, ആ തുറസ്സായ സ്ഥലത്തിന്റെ അൻപത് ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കിലെടുക്കാവുന്നതാണ്. എന്നാൽ ടി കെട്ടിടത്തിന്റെ മുൻവശത്ത് പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്ന സ്ഥലം 190.485 ച.മീ (25.50x7.47) ആണ്. 50% സ്ഥലം പാർക്കിംഗിനായി നീക്കിവച്ചാൽ ലഭ്യമാകുന്ന സ്ഥലം 95.24 ച.മീ ആണ്. എന്നാൽ ഇവിടെ ആവശ്യമായ പാർക്കിംഗ് ഏരിയ 135ച.മീ ആണ് (15x7+ 30). ഇതിൽ നിന്നും വ്യക്തമാകുന്നത് പ്ലോട്ടിൽ ആവശ്യമായ പാർക്കിംഗ് ലഭ്യമല്ലായെന്നാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-25/22 Dtd

30-08-2022). ലഭ്യമാക്കിയ മറുപടിയിൽ ടി വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) പെർമിറ്റ് നമ്പർ - C4-BA-140336/20-21 Dtd 07-07-2021

ശ്രീ കെ.ആർ ശിവരാജൻ & വിഷ്ണു ശിവരാജൻ, കുളത്തുവടക്കേതിൽ, കോഴഞ്ചേരി എന്നയാൾക്ക് 243.70 ച.മീ കൊമേഴ്സ്യൽ കെട്ടിടം പണിയുന്നതിനാണ് പെർമിറ്റ് അനുവദിച്ച് നൽകിയിരിക്കുന്നത്. ബിൽഡിംഗ് പ്ലാൻ പ്രകാരം കെട്ടിടവും റോഡും തമ്മിലുള്ള അകലം 6 മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെങ്ങന്നൂർ - പത്തനംതിട്ട റോഡിനോട് ചേർന്ന് കെട്ടിടം പണിയുന്നതിനാണ് പെർമിറ്റ്. എന്നാൽ പ്ലാൻ പ്രകാരം റോഡിന്റെ വീതി കാണിച്ചിരിക്കുന്നത് 8.25 മീ ആണ്. ചെങ്ങന്നൂർ- പത്തനംതിട്ട റോഡ് സംസ്ഥാന പാതയായതിനാൽ റോഡിന്റെ വീതി 15 മീ ആയിരുന്നു കാണിക്കേണ്ടിയിരുന്നത്. ആയതിനാൽ ടി കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചപ്പോൾ പി.ഡബ്ല്യൂ.ഡി അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിരാക്ഷേപപത്രം ആവശ്യമായിരുന്നു. ആയത് ഉറപ്പുവരുത്തിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-25/22 Dtd 30-08-2022) എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡിന്റെ അതിർത്തി കൃത്യമായി രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ടി കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി. അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിരാക്ഷേപപത്രം ആവശ്യമായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ സെല്ലാർ ഭാഗത്തിന് വസ്തുനികുതി ഈടാക്കിയില്ല

2021-22 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പരിട്ട് വസ്തുനികുതി നിർണ്ണയിച്ച് നൽകിയ രണ്ട് ബഹുനില കെട്ടിടങ്ങളുടെ സെല്ലാർ ഭാഗം പൂർണ്ണമായും പാർക്കിംഗിനായി വിനിയോഗിച്ചിരിക്കുകയാണ്. എന്നാൽ വസ്തു നികുതി നിർണ്ണയത്തിൽ നിന്നും സെല്ലാർ ഭാഗം പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് വസ്തുനികുതി നിർണ്ണയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പൊതു ഉപയോഗമായ പാർക്കിംഗിനായി നീക്കി വച്ചിരിക്കുന്ന ഭാഗത്തിന്റെ തറ വിസ്തീർണ്ണം മറ്റു നിലകളുടെ തറവിസ്തീർണ്ണത്തോട് ആനുപാതികമായി കൂട്ടിച്ചേർത്ത് വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം | സെല്ലാർ ഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ജയലക്ഷ്മി<br>കൊണ്ടൂർ കോയിപ്പുറത്ത്<br>കോഴഞ്ചേരി | 12/507-512 | Cellar -221$m^2$<br>GF - 242.22 $M^2$ (Commercial)<br>FF - 251.55 M2 (Residential) | 221$m^2$ |
| 2 | സന്ദീപ് ജനാർദ്ദനൻ<br>ജന നിവാസ്<br>കോഴഞ്ചേരി | 13/1891-1893 | GF- 124.14 $M^2$ (Commercial)<br>FF - 136.76 M2 (Commercial)<br>SF - 136.76 M2 (Commercial)<br>TF - 136.76 M2 (Commercial) | 124.14 $M^2$ |

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-26/22 Dtd 30-08-2022). ലഭ്യമാക്കിയ മറുപടിയിൽ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 U/A നമ്പർ നൽകിയ കെട്ടിടത്തിൽ കടമുറി പ്രവർത്തിക്കുന്നു

പെർമിറ്റ് നമ്പർ- C4-BA (241549/2021) Dtd 20-10-2021 പ്രകാരം ശ്രീ കോശി ചെക്കുളത്ത് മാത്യു, ചെക്കുളത്ത് ഹൗസ്, കോഴഞ്ചേരി എന്നയാൾക്ക് സർവ്വെ നം. S-242/3B എന്ന സ്ഥലത്ത് 84.68 ച.മീ ഇരുനില (GF- 42.34 ച.മീ, FF- 42.34 ച.മീ) കെട്ടിടം പണിയുന്നതിന് പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നു. കെട്ടിടത്തിന്റെ സെറ്റ് ബാക്ക് സംബന്ധിച്ച ന്യൂനതകളുടെ അടിസ്ഥാനത്തിൽ പി.ഐ.പി സബ്ബ് ഡിവിഷൻ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിരാക്ഷേപ പത്രം, കോഴഞ്ചേരി പി.ഡബ്ല്യൂ.ഡി. അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ നിരാക്ഷേപ പത്രം എന്നിവയുടെ അടിസ്ഥാനത്തിൽ നിബന്ധനകളോടു കൂടിയാണ് പെർമിറ്റ് നൽകിയത്. തുടർന്ന് 2022-23 സാമ്പത്തിക വർഷത്തിൽ (05-05-2022) ടിയാൻ കംപ്ലീഷൻ പ്ലാൻ സഹിതം നമ്പരിട്ട് നൽകാൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ സൈറ്റ് പരിശോധിച്ച അസ്സിസ്റ്റന്റ് എഞ്ചിനീയർ സെറ്റ് ബാക്ക് സംബന്ധിച്ച കെ.പി.ബി.ആർ ചട്ടങ്ങൾ പാലിച്ചില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കാത്തതിനാൽ കെട്ടിടം Un Authorized എന്ന് രേഖപ്പെടുത്തി U/A നമ്പർ (8/414-416) നൽകുകയും ചെയ്തു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 (W) വകുപ്പ്, 2011 -ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 20(4) എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി കെട്ടിടത്തിൽ കച്ചവടസ്ഥാപനം പ്രവർത്തിക്കുന്നതായും ആയതിനോട് ചേർന്ന് കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടത്തിയിരിക്കുന്നതായും കണ്ടു.

ടി കച്ചവട സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.32/22 Dtd 30-08-2022). ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടത്തിൽ വ്യാപാര സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടില്ലായെന്നാണ് അറിയിച്ചത്. ആയതിനാൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി നടത്തിയ നിർമ്മാണത്തിനെതിരായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 പെട്രോൾ പമ്പിന് വളരെ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

ശ്രീ ശാമുവേൽ എബ്രഹാം, കലമണ്ണിൽ വീട്, കോഴഞ്ചേരി എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ് ഗ്രാമപഞ്ചായത്തിലെ 13/69-ാം നമ്പർ കൊമേഴ്സ്യൽ കെട്ടിടം. നിലവിൽ ടി കെട്ടിട നമ്പരിൽ ജെസി അലോത്ത് പോത്തൻ, കലമണ്ണിൽ വീട്, കോഴഞ്ചേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള സാരഥി ഏജൻസി എന്ന പെട്രോൾ പമ്പാണ് പ്രവർത്തിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അസ്സസ്സ്മെന്റ് രേഖകൾ പരിശോധിച്ചപ്പോൾ 12 ച.മീ കെട്ടിടത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഇതിൽ നിന്നും വ്യക്തമാകുന്നത് കനോപ്പി ഏരിയക്ക് (പമ്പ് നിലനിൽക്കുന്ന എല്ലാ ഭാഗങ്ങളും) അനുസരിച്ച് വസ്തുനികുതി ഈടാക്കിയിട്ടില്ലായെന്നാണ്. ആയതിനാൽ മൊത്തം പ്ലിന്ത് ഏരിയക്ക് അനുസൃതമായി ടി പെട്രോൾ പമ്പിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 1-20 കടമുറികൾ പൊളിച്ചുകളഞ്ഞു- പഞ്ചായത്തിന് വൻ വരുമാന നഷ്ടം

പമ്പയാറിന് കുറുകെ റ്റി.കെ. റോഡിൽ കോഴഞ്ചേരിയിൽ പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് കോഴഞ്ചേരി വില്ലേജിലെ 281/5, 281/6 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട 0.0892 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിന് വിട്ടുകൊടുത്തുകൊണ്ട് ഗ്രാമപ്പഞ്ചായത്തിൽ നിന്ന് തുടർനടപടികൾ സ്വീകരിക്കണമെന്ന് ബഹു. ജില്ലാ കളക്ടർ 11.10.18, 5.12.18 തീയതികളിൽ സി10/26237/16 നമ്പർ കത്തുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശാനുസരണം ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോഴഞ്ചേരി വില്ലേജിലെ സർവ്വേ 281/5, 281/6 എന്നിവയിൽ ഉൾപ്പെട്ട 8.52 ആർ സ്ഥലം [കോഴഞ്ചേരി ഗ്രാമപ്പഞ്ചായത്ത് വക പച്ചക്കറി, മത്സ്യ, മാംസ കച്ചവടം ഉള്ള പൊതുചന്തയും ഓട്ടോ മുതലായ ടാക്സി വാഹനങ്ങളുടെ സ്റ്റാന്റായി ഉപയോഗിക്കുന്ന വണ്ടിപ്പേട്ടയും ഉൾപ്പെടെ] വിട്ടു നൽകി. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ കടമുറികൾ (ഷോപ്പിംഗ് കോംപ്ലക്സിലെ എ ബ്ലോക്കിലെ 5 കടമുറികൾ എഫ് ബ്ലോക്കിലെ 3 കടമുറികൾ, ജി ബ്ലോക്കിലെ 2 കടമുറികൾ, മാർക്കറ്റ് റോഡിലെ 3 കടമുറികൾ ഉൾപ്പെടെ 13 കടമുറികൾ) പൊളിച്ചു കളഞ്ഞു. ഇതു മൂലം ഗ്രാമപഞ്ചായത്തിന് 79,89,484 രൂപയുടെ (എൽ.എസ്.ജി.ഡി. അസി.എഞ്ചിനിയർ നിജപ്പെടുത്തിയ വാല്യുവേഷൻ പ്രകാരം) ഭീമമായ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലേക്കു വരുന്നവർക്ക് സൗകര്യ പ്രദമായി വണ്ടി പാർക്കു ചെയ്യുന്നതിനായുള്ള വണ്ടിപ്പേട്ട നിലവിൽ ഉപയോഗിക്കുവാൻ പറ്റാത്തത് ഷോപ്പിംഗ് കോംപ്ലക്സ് നല്ല തുകയിൽവാടകയ്ക്ക് പോകാത്തതിന് ഒരു

കാരണമായി. ഈ വിഷയങ്ങൾ ചൂണ്ടികാട്ടി പഞ്ചായത്തിനുണ്ടായ ഭീമമായ നഷ്ടം സർക്കാറിനെ ബോധ്യപ്പെടുത്തേണ്ടതും നഷ്ടപരിഹാരം നേടിയെടുക്കുന്നതിന് വേണ്ട തുടർ നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

## 1-21 കടമുറികൾ ദീർഘകാലമായി ഒരേ വാടകക്കാർ ഉപയോഗിക്കുന്നു - ലേലം നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വകയായുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ദീർഘകാലമായി ഒരേ വാടകക്കാർ തന്നെ കൈവശം വച്ച് വരുന്നു. 2013-14-ൽ നടത്തിയലേലത്തിൽ കടമുറികൾ വാടകയ്ക്ക് എടുത്തവർ തന്നെയാണ് നിലവിലും അവ ഉപയോഗിച്ചുവരുന്നത്. കടമുറികൾ വീണ്ടും ലേലം ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. വാടകയിൽ 5% വർദ്ധനവ് ഓരോ വർഷവും വരുത്തുന്നുണ്ടെങ്കിലും ഡിപ്പോസിറ്റ് തുകയിൽ അതനുസരിച്ചിട്ടുള്ള വർദ്ധനവ് വരുത്തിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/25.08.2022) നൽകിയ മറുപടിയിൽ നിന്നും വ്യക്തമായി. നിലവിൽ കടമുറികളുടെ വാടക ശരാശരി 5500 രൂപയാണ്. ടൗണിന്റെ ഹൃദയ ഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് ഈ നിരക്ക് തുലോം കുറവാണ്. കടമുറികൾക്ക് കാലാനുസൃതമായി വാടക നിശ്ചയിച്ച് ലേലം നടത്തി നൽകാത്തതിനാൽ ഗണ്യമായ വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും ഉണ്ടാകുന്നു.

ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ഉത്തരവ് നം. സി5-191413/14/ തീയതി 12.11.2014 പ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ മനസ്സിലാക്കി ബൈലോ കാലാനുസൃതമായി പരിഷ്കരിച്ച് ആയതു പ്രകാരം തുടർ വർഷങ്ങളിൽ ഷോപ്പിംഗ്കോപ്ലക്സ് വാടകയ്ക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അതിഭീമ വാടകകുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് വക കടമുറികളുടെ വാടകക്കുടിശ്ശിക ഇനത്തിൽ 27,80,701 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു (കറന്റ് 1070246, അരിയർ 1710455). ഇവ ഏത് വർഷങ്ങളിലെ കുടിശ്ശികയാണെന്നും ഇവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/23.08.2022) നൽകിയ മറുപടി പ്രകാരം 2018-19, 2019-2020 വർഷങ്ങളിലെ വാടക കുടിശ്ശികയാണിതെന്ന് വ്യക്തമായി. ലഭ്യമാക്കിയ മറുപടി പ്രകാരം വാടകകുടിശ്ശിക അടയ്ക്കുവാനുള്ളവരുടെ വിവരവും അവർക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കടമുറി | തുക | വർഷം | ആർ.ആർ നം. |
|---|---|---|---|---|---|
| 1 | സുരേഷ്.എം.എസ് | A1 | 176018/ | 2019-2020 | 446/21 Dated 21.04.21 |
| 2 | ചാണ്ടി തോമസ് | F5 | 139394 | 2018-19, 2019-20 | 447/21 Dated 21.04.21 |
| 3 | സുനിൽ.കെ.സോമൻ | SC 22 | 53282 | 2019-20 | 462/21 Dated 21.04.21 |
| 4 | കെ.ആർ.സതീശൻ | ST RM 02 | 60869 | 2018-19, 2019-20 | 463/21 Dated 21.04.21 |
| 5 | ആശ.പി.സൈമൺ | A1 | 658417 | 2019-2020 | 464/21 Dated 21.04.21 |
| 6 | PRAKASH C N | A2 | 159923 | 2019-2020 | 467/21 Dated 21.04.21 |
| 7 | സജി.പി.ഭാസ്കരൻ | C6 | 79037 | 2019-20 | 468/21 Dated 21.04.21 |
| 8 | ഷൈജു എം വർഗ്ഗീസ് | F2 | 138031 | 2018-19,2019-20 | 469/21 Dated 21.04.21 |
| 9 | ജ്യോതിഷ്.എം.എസ് | OS 14 | 156962 | 2018-19,2019-20 | 470/21 Dated 21.04.21 |
| 10 | രാജേഷ്.സി.എം | 19 | 53254 | 2019-2020 | 453/21 |

| | | | | | |
|---|---|---|---|---|---|
| | | | | | Dated 21.04.21 |
| 11 | രാജേഷ്.സി.എം | 20 | 35268 | 2019-2020 | 453/21<br>Dated 21.04.21 |

തൻ വർഷ വാടകയിൽ കുടിശ്ശികയായ 10,70,246 രൂപ വാടകകാരിൽ നിന്നും പിരിച്ചെടുക്കുന്നതിലേക്ക് റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് അപേക്ഷ ഓൺലൈനിൽ നൽകിയതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-23 അധികം ഇനം പ്രവൃത്തികൾക്ക് ടെണ്ടർ വ്യതിയാനം പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ടായ കാലായിൽപ്പടി കരിപ്പാലപറമ്പിൽപടി ചിറക്കരോട്ട് റോഡ് പാർശ്വഭിത്തി നിർമ്മാണം (പ്രോ.നം.132/22) ഇ-ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. 529459 രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ ശ്രീ കെ.ജി. വിത്സൻ എന്ന കരാറുകാരന്റെ 12.5% കുറഞ്ഞ നിരക്ക് (463300 രൂപ) രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ച് കരാർ നൽകി. നിർവ്വഹണമദ്ധ്യേ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ ആവശ്യമായിവന്ന സാഹചര്യത്തിൽ അസ്സൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത രണ്ട് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങി. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തി കരാറുകാരന് ഫൈനൽ ബിൽ നൽകിയ വേളയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് വഴി 19965.87 രൂപ അധികം നൽകി. അനർഹമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കണം. വിശദാംശങ്ങൾ ഖണ്ഡിക 3(2)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം, ചെയ്ത പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ചട്ടവിരുദ്ധമായി കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതായി വർക്ക് ഫയലുകളുടെ പരിശോധനയിൽ കാണുന്നു. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2).

PWD മാനുവലിലും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും നിഷ്കർഷിച്ച പ്രകാരമല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ബിൽ തുക നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയ തീയതി | പ്രവൃത്തി മൂല്യം | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | ടേക്ക് എ ബ്രേക്ക് പദ്ധതി അധിക സൗകര്യ മൊരുക്കൽ<br>പ്രോജക്ട് നം. - 173/22<br>അടങ്കൽ - 150000<br>കരാറുകാരൻ - ശ്രീ ടോബി ഫിലിപ്പ് തമ്പി<br>എം. ബുക്ക് നം. 51/22 | 25.03.22 | 25.03.22 | 149242 | 303/27.03.22 |

| | | | | | |
|---|---|---|---|---|---|
| 2 | 81-ാം നമ്പർ അങ്കണവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം<br>പ്രോജക്ട് നം. 120/21<br>അടങ്കൽ - 815000<br>കരാറുകാരൻ - ശ്രീ ശ്രീകുമാരൻ നായർ പി.എൻ.<br>എം. ബുക്ക് നം.62/20-21(1), (2) | 19.03.21 | 15.04.21 | 785102 | 327/29.03.21 |
| 3 | കുരങ്ങുമല പൂവണ്ണനിൽക്കുന്നതിൽ പടി റോഡ് മെയിന്റനൻസ് വാർഡ് 6<br>പ്രോജക്ട് നം. - 86/22<br>അടങ്കൽ - 183500<br>കരാറുകാരൻ - ശ്രീ വിജീഷ് ആർ നായർ<br>എം.ബുക്ക് നം. 22/21-22 | 25.01.22 | 17.01.22 | 179168 | 270/17.03.22 |
| 4 | മിനി എം.സി.എഫ്. നിർമ്മാണം<br>പ്രോജക്ട് നം. 163/22<br>അടങ്കൽ - 250000<br>കരാറുകാരൻ - ശ്രീ വിജീഷ് ആർ നായർ<br>എം.ബുക്ക് നം. 39/21-22 (Vol.1) | 04.03.22 | 10.03.22 | 192744 | 287/22.03.22 |

എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് ഉചിതമല്ല. പ്രത്യേകിച്ചും Visible അല്ലാത്ത ഇനങ്ങൾ/അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഇവയ്ക്ക് എന്ത് കാരണത്താലും പ്രവൃത്തി ചെയ്ത ശേഷം അനുമതി നൽകാൻ പാടില്ല (ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 26.03.21-ലെ ഡിബി1/10690/2020/സിഇ/എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ നമ്പർ സർക്കുലർ).

എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. മാന്വലിലെയും, ടെക്നിക്കൽ സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ടവർ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പാർട്ട് ബില്ലിൽനിന്നും റീടെൻഷൻ പിടിച്ചില്ല; പ്രവൃത്തി നടത്തിപ്പിൽ വീഴ്ച

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 79/22 പ്രകാരം നടപ്പിലാക്കിയ കോഴഞ്ചേരി ജി.യു.പി. സ്കൂൾ അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തിയുടെ പാർട്ട് ബില്ലിൽനിന്നും റീടെൻഷൻ തുക ഈടാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽനിന്നും 2.5% റീടെൻഷൻ തുക ഈടാക്കേണ്ടതാണ് (ജി.ഒ.(പി.)നം.429/15/ധന., തീ. 28.09.2015).

മെയിന്റനൻസ് ഗ്രാന്റിൽനിന്നും 5 ലക്ഷം രൂപ വകയിരുത്തിയാണ് ജി.യു.പി.സ്കൂൾ നവീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 12.10.2021-ൽ നടത്തിയ ടെണ്ടറിൽ ശ്രീ എബ്രഹാം തോമസ് എന്നയാളാണ് പ്രവൃത്തി കരാറെടുത്തത്. 01.11.2021-ൽ കരാർ വെച്ച പ്രവൃത്തി 28.02.2022-ൽ ഭാഗീകമായി പൂർത്തിയാക്കി കരാറുകാരൻ പാർട്ട് ബിൽ സമർപ്പിച്ചു. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 295212 രൂപയുടെ പ്രവൃത്തി നടത്തി. നികുതികളും, തൊഴിലാളി

ക്ഷേമനിധി വിഹിതവും ഉൾപ്പടെ 10544 രൂപ കിഴിച്ച് 284668 രൂപ കരാറുകാരന് നൽകി. ബില്ലിൽനിന്നും നിയമപ്രകാരം 7380 റീടെൻഷൻ ആയി ഈടാക്കി, ഫൈനൽ ബിൽ തീർപ്പാക്കുന്നതുവരെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കേണ്ടതായിരുന്നു. റീടെൻഷൻ ഈടാക്കാതെ പാർട്ട് ബിൽ നൽകിയത് പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥക്ക് വിരുദ്ധമാണ്.

01.11.21-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് കരാർ ഉടമ്പടിയിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ സൂചിപ്പിച്ചിട്ടില്ല. സാങ്കേതികാനുമതി രേഖ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ചിരുന്ന സമയം 6മാസമായിരുന്നു. ആയത് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് 30.04.2022ൽ അവസാനിച്ചു. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ കരാറുകാരൻ വീഴ്ച വരുത്തിയെങ്കിലും, കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പാർട്ട് ബില്ലിൽനിന്നും റീടെൻഷൻ ഈടാക്കാതിരുന്നതും, യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിക്കാതിരുന്നതും വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/26.08.22) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്തിപ്പിൽ വീഴ്ചവരുത്തിയ കരാറുകാരനെതിരെ പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിലെ 81-ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണത്തിനാണ് ഇപ്രകാരം ഫണ്ട് വകമാറ്റിയിട്ടുള്ളത്.

വാർഡ് 1-ലെ കീഴ്കര 81-ാം നമ്പർ അങ്കണവാടികെട്ടിടത്തിന്റെ നിർമ്മാണം 2020-21-ൽ തുടങ്ങി പുറം തേപ്പുവരെ പണികൾ പൂർത്തിയാക്കി. അവശേഷിച്ച പണികൾ പൂർത്തീകരിക്കുന്നതിനാണ് 2021-22 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 5 ലക്ഷം രൂപ വകയിരുത്തി രണ്ടാം ഘട്ട പ്രവൃത്തി നടത്തിയത്. ബാക്കി പ്രവർത്തികളായ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, തടിപ്പണി, ടൈലിംഗ്, പ്ലംബിംഗ് & ഇലക്ട്രിക്കൽ മുതലായ പ്രവൃത്തികളാണ് രണ്ടാം ഘട്ട പ്രവൃത്തിയിൽ ഉൾപ്പെടുത്തിയത്. 13.08.21-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ കരാറുകാരൻ (ശ്രീ എബ്രഹാം തോമസ്) 10.03.22-ൽ സമർപ്പിച്ചു. പാർട്ട് ബിൽ പ്രകാരം 300392 രൂപയുടെ പണി നടത്തിയിട്ടുണ്ട്.

റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സ.ഉ.(എം.എസ്.)നം.330/2004/തസ്വഭവ, തീ. 09.12.2004). കൈമാറിക്കിട്ടിയവ ഉൾപ്പടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് സർക്കാർ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. മെയിന്റനൻസ് ഗ്രാന്റ് എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നത് സംബന്ധിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതല്ല (കെട്ടിടങ്ങളുടെ അനുബന്ധ സൗകര്യങ്ങളായ ചുറ്റുമതിൽ, ടോയ്‌ലറ്റ്, അടുക്കള, സ്റ്റോർ റൂം മുതലായവ നിർമ്മിക്കുന്നതിന് അനുമതിയുണ്ട്). ഫണ്ടിന്റെ വകമാറ്റൽ അനുവദനീയമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകൾ/ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലായെന്നുള്ള വിവരം ബോദ്ധ്യപ്പെട്ടു. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണ വിവരവും അടങ്ങിയിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16 തീയതി 27.08.2022) മറുപടി ലഭ്യമാക്കിയപ്പോൾ സ്റ്റോക്ക് രജിസ്റ്റർ വോള്യം 2-ൽ 2021-22 വർഷത്തെ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും വിതരണവും എഴുതി ഹാജരാക്കുകയുണ്ടായി. ഇതിൽ മുൻവർഷ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും വിതരണവും എഴുതി സൂക്ഷിച്ചിരുന്നില്ല. ആയതിനാൽ മുൻ വർഷത്തെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2021-22 വർഷത്തെ രേഖപ്പെടുത്തലിലും 300 എണ്ണം ഗ്രാമലക്ഷ്മിമുദ്രാലയത്തിൽ നിന്നും വാങ്ങിയതായും ഇതിൽ 100 എണ്ണം അസിസ്റ്റന്റ് എഞ്ചിനിയർക്കും 26 എണ്ണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും ഇഷ്യൂ ചെയ്തതായിട്ടുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അവയുടെ വിതരണ വിവരം (പദ്ധതി നം., നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, ടെൻഡർ ഫോറം വില എന്നിവ) കൃത്യമായി രേഖപ്പെടുത്തിയ വിശദമായ വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല. ബന്ധപ്പെട്ട രജിസ്റ്ററിൽ മുൻവർഷത്തെ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ മുൻകാലങ്ങളിലെ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും വിതരണവും

എപ്രകാരമെന്ന് വ്യക്തമല്ല. വളരെ ഗുരുതരമായ അപാകതയാണിത്. പദ്ധതിയുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെണ്ടർ ഫോറം വിലയിൽ വ്യത്യാസം വരും. ഇതു പ്രകാരം ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് ഇത് അവസരമുണ്ടാക്കും. ഇപ്രകാരം ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിന് ഭരണതലത്തിൽ/പെർഫോമൻസ് ഓഡിറ്റ് തലത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

തുടർ വർഷങ്ങളിൽ ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണ വിവരവും (പദ്ധതി നം., നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, ടെൻഡർ ഫോറം വില) കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ ഫോമുകളുടെ വിതരണം ഫ്രണ്ട് ഓഫീസ് വഴിയാക്കുന്നത് ഉചിതമായിരിക്കും. സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന ടെണ്ടർ ഫോമുകളുടെ എണ്ണത്തിന്റെ കൃത്യതയും വിതരണം ചെയ്തവയുടെ വിവരവും മേൽനോട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കി സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

## 1-28 അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 13,68,400 രൂപ അവശേഷിക്കുന്നു

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 13,68,400 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. അനുപൂരക പോഷകാഹാരത്തിനായി ഉപയോഗിക്കുവാൻ കേന്ദ്ര വിഹിതം നൽകിയ തുക പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്നതിനു പകരം തനത് ഫണ്ടിൽ തന്നെ ഇട്ട് ചെലവഴിക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്യുന്നത്. 2017-18 മുതൽ 2021-22 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2017-18 | 124312 | 235176 | 359488 | 125445 | 234043 |
| 2018-19 | 234043 | 177975 | 412018 | 196958 | 215060 |
| 2019-20 | 215060 | 326508 | 541568 | 59638 | 481930 |
| 2020-21 | 481930 | 602864 | 1084794 | 102158 | 982636 |
| 2021-22 | 982636 | 553431 | 1536067 | 167667 | 1368400 |

ഓഡിറ്റ് കാലയളവിൽ ഈ ഇനത്തിൽ ആകെ 1368400 രൂപ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യത്തെപ്പറ്റി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/26.08.20222) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം 14 അങ്കണവാടികളുള്ളതിൽ 9 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ. ഇവയിൽതന്നെ 3 എണ്ണത്തിനു ചുറ്റുമതിലില്ല. 14 അങ്കണവാടികളുള്ളതിൽ 4 എണ്ണം മാത്രമാണ് ബേബി ഫ്രണ്ടലി ടോയിലറ്റ് ഉള്ളത്. എല്ലാ അങ്കണവാടികളിലും വൈദ്യുതി, കുടിവെള്ളം, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാണ്.

പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് പൂർത്തിയാകാറായിട്ടും ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം ഇപ്രകാരമായിരിക്കെയാണ് അംഗൻവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ 1368400 രൂപ അവശേഷിക്കുന്നത്. ടി തുകയൊടൊപ്പം മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ഉൾപ്പെടെ ഉപയോഗപ്പെടുത്തി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി; റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

അടങ്കൽ - ₹150000

കരാറുകാരൻ - ശ്രീ സുരേഷ് കുമാർ പി.ജി.

ക്വോട്ട് ചെയ്ത നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്

കരാർ നം. - 36/AE/LID&EW/KZY/2021-22, Dtd. 30.11.21

പ്രവൃത്തി മൂല്യം - ₹145170

എം.ബുക്ക് നം. - 36/22

ബിൽ നം. - 306/27.03.2022

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ലയൺസ് ക്ലബ്ബ് മങ്ങാട്ടേത്ത്പടി റോഡ് സൈഡ് ഡ്രെയിൻ നിർമ്മാണം എന്ന പ്രവൃത്തി അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് നടത്തിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട എതെങ്കിലും ഇനങ്ങൾ ഒഴിവാക്കുകയോ, പുതിയ ഇനങ്ങൾ കൂട്ടിചേർക്കുകയോ, എസ്റ്റിമേറ്റിലെ അളവുകളിൽ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ല. ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. എന്നാൽ ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റും, കമ്പാരറ്റീവ് സ്റ്റേറ്റുമെന്റും തയ്യാറാക്കുകയോ, അവയ്ക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുള്ളതായി കണ്ടില്ല.

പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | എസ്റ്റിമേറ്റ് അളവ് | നിരക്ക് | എം.ബുക്ക് പ്രകാരം ചെയ്ത അളവ് | എസ്റ്റിമേറ്റിൽ അധികരിച്ച അളവ് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 11.1.1.1.<br>Excavation For Structures – Ordinary Soil Upto 3m Depth | 37.440 M3 | 513.07/m3 | 0 M3 | 0 | 0 |
| 2 | Od 1403093/2021_2022 Providing Concrete For Plain/reinforced Concrete......... Nominal Mix 1:3:6 Excluding FORM WORK (Modified 11.4.1.1.) | 5.200 M3 | 7057.79/m3 | 0 M3 | 0 | 0 |
| 3 | 11.4.2.1<br>Providing Concrete For Plain/reinforced Concrete ..... PCC Grade M15 –<br>Nominal Mix (1:2.5:5) | 10.400 M3 | 7208.42/m3 | 0 | 0 | |
| 4 | 75.8.1.1.A<br>Providing Plain Cement Concrete For Wearing Coat CC 1:2:4........ | 0.390 M3 | 7664.70 | 14.739 | 14.35 | 109980.78 |
| | Extra Items | | | | | |
| 5 | 50.2.25.1<br>Filling With Contractor's Own Earth......... | -- | 384.44 | 29.002 M2 | 29.002 M2 | 11149.53 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 51.2.3<br>Filling With Quarrymuck Up Low Lying And Water Logged Areas.... | -- | 893.01 | 6.155 | 6.155 | 5496.48 |
| | ആകെ | | | | | 126626.79 |

അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ പ്രവൃത്തിയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 15/26.08.22) അധികൃതർ മറുപടി ലഭ്യമാക്കുകകയോ, ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച 145170 രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല

17.04.2020-ലെ സ.ഉ.(സാധാ.)നം.2816/2020/ധന നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്തെ ബിറ്റുമിന്റെ വിലയും പർച്ചേയ്സ് സമയത്തെ വിലയും തമ്മിലുള്ള വ്യത്യാസം കണക്കുകൂട്ടി കരാറുകാർക്ക് അനുവദിക്കുകയോ, തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും കരാറുകാർ പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വില വ്യത്യാസം ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 18,753 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-31 പരേതർക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്ത ഇനത്തിൽ സർക്കാർ ഖജനാവിന് 4.48 രൂപയുടെ നഷ്ടം - സംബന്ധിച്ച്

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, 2019 മുതൽ ഓഡിറ്റ് തീയതിവരെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ടുപോയ 17 പേരുടെ അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി വ്യക്തമായി. ഇപ്രകാരം ക്രഡിറ്റ് ചെയ്ത തുക മരണപ്പെട്ട പെൻഷണർമാരുടെ ബന്ധുക്കൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിരിക്കാനാണ് സാധ്യത. ഈ ഇനത്തിൽ 448400 രൂപ പൊതു ഖജനാവിന് നഷ്ടമായതായാണ് ഓഡിറ്റ് കണക്കാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി/മരണ രജി. നം. | അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | |
| 1 | എം.എ ജോർജ് | 103940200250 | വാർദ്ധക്യകാല പെൻഷൻ | 15/02/2020<br>127/2020 | 03/20 - 08/22 | 46700 | 2068010 11000909 (VIJB0002068-KOZHENCHERRY KERALA) |
| 2 | കെ എൻ ചന്ദ്രൻ | 103940200709 | വാർദ്ധക്യകാല പെൻഷൻ | 23/05/2020<br>315/2020 | 06/20 - 08/22 | 41200 | 469547530 (IDIB000K067-KOZHENCHERRY) |
| 3 | സി ജി ഗോപി | 103940200895 | വാർദ്ധക്യകാല പെൻഷൻ | 13/07/2020<br>394/2020 | 08/20 - 08/22 | 40200 | 02220530 00018521 (SIBL0000222-KOZHENCHERRY) |
| 4 | ലക്ഷ്മിക്കുട്ടിയമ്മ | 103940600005 | വിധവ പെൻഷൻ | 18/07/2020<br>397/2020 | 08/20 - 08/22 | 40200 | 3589108001520 (CNRB0003589-KOZHENCHERRY) |
| 5 | വിൻസി ജോസഫ് | 103940600299 | വിധവ പെൻഷൻ | 05/08/2020<br>603/2020 | 09/20 - 08/22 | 37300 | 4301000 101004158 (PUNB0430100-KOZHENCHERY) |
| 6 | കേശവൻ | 103940200068 | വാർദ്ധക്യകാല പെൻഷൻ | 16/12/2020<br>703/2020 | 01/21 - 08/22 | 31700 | 039405300 0003589 (SIBL0000394-THEKKEMALA) |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | മാത്യു സി കുട്ടി | 103940200842 | വാർദ്ധക്യകാല പെൻഷൻ | 28/02/2021 184/2021 | 03/21 - 08/22 | 28700 | 1362053929 (CBIN0281326-THEKKEMALA) |
| 8 | ശശിധരൻ | 103940200861 | വാർദ്ധക്യകാല പെൻഷൻ | 07/03/2021 216/2021 | 04/21 - 08/22 | 27200 | 206801011000465 (VIJB0002068-KOZHENCHERRY KERALA) |
| 9 | കുഞ്ഞുകുട്ടി | 103940100073 | കർഷക തൊഴിലാളി പെൻഷൻ | 20/06/2021 670/2021 | 07/21 - 08/22 | 22400 | 02360317 9455190701 (CSBK0000236-KOZHENCHERRY) |
| 10 | സരസമ്മ എ ആർ | 103940600030 | വിധവ പെൻഷൻ | 27/07/2021 797/2021 | 08/21 - 08/22 | 20800 | 52310201 0106299 (UBIN0552313-KOZHENCHERRY) |
| 11 | മറിയാമ്മ സൈമൺ | 103940200814 | വാർദ്ധക്യകാല പെൻഷൻ | 22/08/2021 847/2021 | 09/21 - 08/22 | 19200 | 03940530 00001820 (SIBL0000394-THEKKEMALA) |
| 12 | വി.കെ. കൃഷ്ണൻ | 103940200192 | വാർദ്ധക്യകാല പെൻഷൻ | 06/09/2021 942/2021 | 10/21 - 08/22 | 17600 | 67262827161 (SBIN0071002-KOZHENCHERRY P&SB) |
| 13 | തങ്കമ്മ ഗോവിന്ദപ്പിള്ള | 103940200089 | വാർദ്ധക്യകാല പെൻഷൻ | 03/10/2021 1026/2021 | 11/21 - 08/22 | 16000 | 3283132385 (CBIN0281326-THEKKEMALA) |
| 14 | തങ്കമ്മ എം കെ | 103940600360 | വിധവ പെൻഷൻ | 02/10/2021 1035/2021 | 11/21 - 08/22 | 16000 | 20680101 1000708 (VIJB0002068-KOZHENCHERRY KERALA) |
| 15 | ഉമ്മൻ തോമസ് | 103940200698 | വാർദ്ധക്യകാല പെൻഷൻ | 24/10/2021 1128/2021 | 11/21 - 08/22 | 16000 | 67260485570 (SBIN0071002-KOZHENCHERRY P&SB) |
| 16 | കെ പി ഭാസ്കരൻ | 103940200891 | വാർദ്ധക്യകാല പെൻഷൻ | 28/10/2021 15/2022 | 11/21 - 08/22 | 16000 | 02360339 8874190701 (CSBK0000236-KOZHENCHERRY) |
| 17 | രാധാകൃഷ്ണൻ നായർ കെ.ആർ. | 103940201088 | വാർദ്ധക്യകാല പെൻഷൻ | 26/01/2022 73/2022 | 02/22 - 08/22 | 11200 | 6027806722 (IDIB000K067-KOZHENCHERRY) |
| | ആകെ | | | | | 448400 | |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. ഇവ കൂടി കണക്കിലെടുത്താൽ നഷ്ടത്തിന്റെ വ്യാപ്തി കൂടുമെന്ന കാര്യം ഉറപ്പാണ്.

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്ത് ആകെ 52.30 ലക്ഷത്തോളം പേർക്കാണ് സാമൂഹികസുരക്ഷാ പെൻഷൻ നൽകുന്നത്. കേരള സോഷ്യൽ സെക്യൂരിറ്റിപെൻഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് അതുവഴി ബജറ്റിൽ ഉൾപ്പെടാതെ വായ്പയെടുത്താണ് സർക്കാർ മുടങ്ങാതെ പെൻഷൻ വിതരണം നടത്തുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന ക്ഷേമപെൻഷൻ തുകയിൽ ചോർച്ചയുണ്ടാകുന്നത് ഗൗരവതരമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ

സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71 /2017/ധന നമ്പർ സർക്കുലർ).

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ പെൻഷൻ തുകയും അവരുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കാൻ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നില്ല

കൈമാറികിട്ടിയത് ഉൾപ്പടെയുള്ള അസ്തികൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നും ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർത്ത്, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തുവാനെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മേൽപറഞ്ഞ പ്രകാരം യോഗം വിളിച്ച് ചേർക്കുകയോ, ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുയോ ചെയ്തിട്ടില്ല. കൈമാറികിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാതെ ഫണ്ട് ലാപ്സാകുന്ന സ്ഥിതിയും ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്.

| വർഷം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2021-22 | റോഡിതരം | 4913118 | 2961238 | 60.27 |
| | റോഡ് | 8171000 | 6740915 | 82.5 |
| 2020-21 | റോഡ് | 11822868 | 8580026 | 72.57 |
| | റോഡിതരം | 4217000 | 3357691 | 79.62 |
| 2019-20 | റോഡ് | 9618000 | 2829410 | 29.42 |
| | റോഡിതരം | 3877000 | 2110728 | 54.44 |
| 2018-19 | റോഡ് | 9788000 | 6802078 | 69.49 |
| | റോഡിതരം | 4171000 | 2778000 | 66.6 |
| 2017-18 | റോഡ് | 10173031 | 6402792 | 62.94 |
| | റോഡിതരം | 3816000 | 2207336 | 57.84 |

സേവനം മെച്ചപ്പെടുത്തുന്നതിനും, നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിരവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ പദ്ധതികളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അതിന് അദ്യം വേണ്ടത് ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കുക എന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ 14 അങ്കണവാടികൾ ഉള്ളതിൽ 9 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. എല്ലാ അങ്കണവാടികൾക്കും ചുറ്റുമതിലും, കുടിവെള്ള കണക്ഷനും ഇല്ല. 90-ാം നമ്പർ അങ്കണവാടി അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമായ നിലയിലാണ്. മോശമായ അവസ്ഥയിലുള്ള ഒരു വാടക കെട്ടിടത്തിലാണ് പഞ്ചായത്തിലെ മൃഗാശുപത്രി പ്രവർത്തിക്കുന്നത്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, കൈമാറികിട്ടിയതുൾപ്പടെയുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആരോഗ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും, സേവന നിലവാരം ഉയർത്തിയും, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 കുടിവെള്ള കുടിശിക പെരുകുന്നു; പഞ്ചായത്തിന് 66 ലക്ഷം രൂപയുടെ ബാധ്യത

205 പൊതു ടാപ്പുകൾക്ക് പ്രതിമാസം 98878 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കവരുത്തുന്നത്. മുൻകാല കുടിശ്ശിക തീർപ്പാക്കാതെ കറന്റ് ഡിമാന്റ് തുക മാത്രം ഒടുക്കുന്നതിനാൽ കടിശ്ശികത്തുക പലിശയും, കൂട്ടുപലിശയുമായി ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പഞ്ചായത്തിന് വലിയ ബാധ്യതയായി പരിണമിച്ചിരിക്കുന്നു. 2021-22 വർഷാരംഭത്തിലെ

വെള്ളക്കര കുടിശ്ശിക 4843849 രൂപയായിരുന്നു. കുടിശ്ശികത്തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപ്പലിശ ഈടാക്കുന്നത്. കുടിശ്ശിക നിവാരണം ചെയ്യാതിരുന്നതിനാൽ ഇത് ക്രമാനുഗതമായി പെരുകി ഓഡിറ്റ് തീയതിയിലെ കുടിശ്ശിക 6609549 രൂപയിലെത്തിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതിരുന്നതാണ് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകാൻ ഇടയാക്കിയത്.

കുടിശ്ശിക നിയന്ത്രണാതീതമായി പെരുകുമ്പോഴും കുടിശ്ശിക തീർക്കുന്നതിനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വെള്ളക്കര കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കി ലഭിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും, കുടിശ്ശിക എത്രയും വേഗം നിവാരണം ചെയ്ത് പഞ്ചായത്തിന്റെ വർദ്ധിച്ചുവരുന്ന ബാദ്ധ്യത തീർപ്പാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതുമാണ്.

കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും ഗാർഹിക കണക്ഷൻ നൽകിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-34 ടെണ്ടർ കൂടാതെ ഇലക്ട്രോണിക് വീൽ ചെയർ വാങ്ങി

ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ വിതരണം (പ്രോ.നം.4/22)എന്ന പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് രണ്ട് ഇലക്ട്രോണിക് വീൽ ചെയറുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (Zip Lite Power Wheel Chair (With Single Battery) എന്ന ഉത്പന്നമാണ് കെൽട്രോൺ വിതരണം ചെയ്തിട്ടുള്ളത്. ഒരു വീൽ ചെയറിന് നികുതി ഉൾപ്പെടെ 95865 രൂപയാണ് (ബിൽ റഫറൻസ് നം.1244317 തീ 04.03.2022) വില നൽകിയിട്ടുള്ളത്. Vissco എന്ന കമ്പിനിയുടെ ഉല്പന്നമാണ് കെൽട്രോൺ വിതരണം ചെയ്തിട്ടുള്ളത്. കമ്പിനിയുടെ സൈററിൽ പരമാവധി വില 86100രൂപ വിലയുള്ള ഉത്പന്നമാണ് കെൽട്രോൺ 95865 രൂപയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. ഡിസ്കൗണ്ട് നൽകുന്നതിനാൽ നിലവിൽ 51499 രൂപയാണ് ഒരു വീൽ ചെയറിന്റെ വില. വ്യത്യാസം 44366 രൂപ.

ടെണ്ടർ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.10/26.08.2022) നൽകിയതിന് ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ നിന്നും ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതിയുണ്ട് എന്നാണ് ഹാജരാക്കിയ മറുപടി. എന്നാൽ കെൽട്രോൺ സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ ടെണ്ടർ കൂടാതെയും അല്ലാത്തവ ടെണ്ടർ നടപടികളിലൂടെയും മാത്രമേ വാങ്ങാവൂ എന്ന നിബന്ധന സർക്കാർഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടെണ്ടർ നടപടികളിലൂടെ വാങ്ങിയിരുന്നെങ്കിൽ മത്സരാത്മകത ഉണ്ടാവുകയും ഉല്പന്നം കുറഞ്ഞ നിരക്കിൽ വാങ്ങുകയും ചെയ്യാമായിരുന്നു. പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ വീൽ ചെയർ വാങ്ങിയത് അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം മാത്രമാണ് കാണുന്നത്. വാങ്ങലുകൾ സംബന്ധിച്ച തീരുമാനങ്ങൾ എടുത്തിട്ടില്ല എന്നു കാണുന്നു. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സർക്കാർ ഉത്തരവുകൾ അനുസരിച്ചും വാങ്ങലുകൾ നടത്തിയിരുന്നെങ്കിൽ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഈ വിഷയത്തിൽ ഭരണസമിതിയുടെ വിശേഷ്യാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-35 കൂടിയ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് അനുവദിക്കൽ എന്ന പ്രോജക്ടിൽ (പ്രോ.നം.15/22) കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനാൽ അധികച്ചെലവ് ഉണ്ടായി.

പ്രോജക്ടിന്റെ ഭാഗമായി വിക്ടോറിയാ പോളിഫോം എന്ന സ്ഥാപനത്തിൽ നിന്നും ടാങ്കൊന്നിന് 3100 രൂപ നിരക്കിൽ 16 വാട്ടർ ടാങ്കുകൾ വാങ്ങിയതിന് 49600 രൂപ [വികസന ഫണ്ട് (എസ്സ്.സി.പി.)- 37200, ഗുണഭോക്തൃ വിഹിതം - 12400 രൂപ] ചെലവഴിച്ചിട്ടുണ്ട്. (ബിൽ റഫറൻസ് നമ്പർ 21050552012700958765 തീയതി 17/01/2022)

ടെണ്ടർ നോട്ടീസ് പ്രകാരം സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

500 Litre HDPE Water Tank Food Grade Virgin Material Multy Layer Wall, Guarantee 10 Year, With ISI/ISO Certification.

മൂന്ന സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ടെണ്ടർ അംഗീകരിച്ചത് വിക്ടോറിയാ പോളിഫോം, കൈപ്പള്ളി റോഡ്, അരിമ്പൂർ പി.ഒ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റേതാണ്. എന്നാൽ സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ട്രൈടെക് ട്രേഡേഴ്സ്, ഗാന്ധി നഗർ, വഴുതക്കാട് എന്ന വിലാസത്തിലുള്ള സ്ഥാപനമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ടാങ്കിന്റെ സ്പെസിഫിക്കേഷൻ | വില |
|---|---|---|---|
| 1 | വിക്ടോറിയാ പോളിഫോം | 500 Litre LLDDPE Water Tank Food Grade, 2 Layered ISI, Warranty 10 Years, Company- OCEAN, Colour - Black | 3100 |
| 2 | ട്രൈടെക് ട്രേഡേഴ്സ് | 500 Litre HDPE Water Tank, Virgin, Food Grade, 3 Layered ISO, Warranty 10 Years, Company- TABS, Colour - White | 2698 |
| | | വ്യത്യാസം | 402 |

കൂടിയനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാനുള്ള കാരണം വ്യക്തമല്ല. പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ 06.01.2022 ലെ തീരുമാന പ്രകാരം വാട്ടർ ടാങ്കിന്റെ ഗുണനിലവാരം ബോദ്ധ്യപ്പെട്ടു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിക്ടോറിയാ പോളിഫോം ക്വോട്ട് ചെയ്ത വാട്ടർ ടാങ്കിന് 2 Layer മാത്രമാണുള്ളതെന്നും ശ്രദ്ധേയമാണ്. വാങ്ങലുകളെ സംബന്ധിച്ച മറ്റ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടിയ നിരക്കിലുള്ള ടാങ്ക് വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.21/29.08.2022) മറുപടി ലഭ്യമാക്കിയില്ല. കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനാലുണ്ടായ അധികച്ചെലവ് 6432 (402X16) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ക്വട്ടേഷൻ ക്ഷണിക്കാതെ ചെലവ് നടത്തി

അങ്കണവാടിക്ക് നെയിം ബോർഡ് സ്ഥാപിക്കൽ (പ്രോ.നം.112/2022) എന്ന പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപ്പഞ്ചായത്തിലെ 8 അങ്കണവാടികൾക്ക് നെയിം ബോർഡ് നിർമ്മിച്ച നൽകിയതിനുള്ള പ്രതിഫലമായി ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പാലക്കാട് എന്ന സ്ഥാപനത്തിന് 24000 രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ സ.ഉ.(പി) നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം, മതിപ്പു വില 5000 രൂപ മുതൽ 25000 രൂപ വരെയുള്ള എല്ലാത്തരം വാങ്ങലുകളും ക്വട്ടേഷൻ മുഖേന മാത്രമേ നടത്താവൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/26.08.2022) നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങാമെന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനത്തെക്കൊണ്ട് ബോർഡിന്റെ നിർമ്മാണം നടത്തിയതെന്നാണ് ലഭ്യമാക്കിയ മറുപടി. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 20/10/2017ലെ എസ്.ഡി.ഡി. ഉത്തരവ് പ്രകാരം ആർട്ട്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ കഴിയുന്ന ഉല്പന്നങ്ങളിൽ നെയിംബോർഡ് ഉൾപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 നായകൾക്ക് ലൈസൻസ് എടുക്കാത്തതിന് പിഴ ഈടാക്കുന്നില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് ക്യാമ്പ് നടത്തി തുക ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 234 നായകൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇത്രയും നായകൾക്ക് തൻ വർഷം ലൈസൻസ് നൽകിയിട്ടില്ല. പഞ്ചായത്തിന് ലൈസൻസ് ഫീസ് ഇനത്തിൽ (നായകൾക്കും പന്നികൾക്കും ഉൾപ്പെടെ) 879 രൂപയാണ് തൻ വർഷ വരുമാനം. ഒരു നായ/പന്നിയ്ക്ക് 10 രൂപ നിരക്കിൽ 87 മൃഗങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (നായകൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടം പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള ഏതൊരു നായകൾക്കും പന്നികൾക്കും ലൈസൻസ് നല്കേണ്ടതാണ്. ലൈസൻസിന്റെ കാലാവധി അതത് സാമ്പത്തിക വർഷാവസാനം വരെ ആയിരിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുൻപ് അടുത്ത സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ലൈസൻസില്ലാതെയോ ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ ഒരു നായയേയോ പന്നിയേയോ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250 രൂപ വരെ പിഴ ചുമത്താവുന്നതാണ്. എന്നാൽ തൻവർഷം പിഴ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല.

നായകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുക്കാത്തതിന് പിഴ ഈടാക്കുന്നില്ല. തൻവർഷം 36750 രൂപയോ [(234-87)250] അതിലധികമോ തുക പഞ്ചായത്തിന് പിഴ ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വരും വർഷങ്ങളിൽ ചട്ടപ്രകാരം പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ- ക്ഷേമകാര്യം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-38 അഗതിരഹിത കേരളം പദ്ധതി - പ്രവർത്തനം ഊർജ്ജിതമല്ല

ഗ്രാമപ്പഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.01.2019 ലെ KS/L/13100/2018 നമ്പർ നടപടിക്രമം പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. 119 പേരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്.

തൻവർഷം പട്ടികജാതി വിഭാഗം വികസന ഫണ്ടിൽ നിന്നും 87000 രൂപയും പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും 50000രൂപയും പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്.

മൂന്നു വർഷക്കാലയളവിനുള്ളിൽ പദ്ധതി നടപ്പിലാക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഭക്ഷണക്കിറ്റ് വിതരണം മാത്രമാണ് പ്രോജക്ടിന്റെ ഭാഗമായി നടക്കുന്നത്. ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം എന്നിങ്ങനെ നിരവധി ഘടകങ്ങൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും ഒരു ഘടകത്തിനും തുക ചെലവഴിച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷാവസാനം അക്കൗണ്ടിൽ ശേഷിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് | 1812500 |
| കമ്പ്യൂട്ടർ ഫണ്ട് | 55588 |
| പലിശ | 34107 |
| സ്പോൺസർഷിപ്പ് | 18800 |
| ബാലസഭ(ബ്ളോക്ക് വിഹിതം) | 50000 |
| ആകെ | 1970995 |

മൂന്നു വർഷക്കാലയളവിലേക്കാണ് പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായിട്ടുള്ളതെന്നിരിക്കേ ലഭ്യമായ ഫണ്ടുകൾ വിനിയോഗിക്കാതെ നിഷ്ക്രിയമായി സൂക്ഷിക്കുന്ന അവസ്ഥയാണുള്ളത്. ആശ്രയ പദ്ധതിയുടെ വിലയിരുത്തൽ യോഗങ്ങളിൽ ക്രിയാത്മക നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല. ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ നൽകുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.33/30.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുടുംബശ്രീ അക്കൗണ്ടന്റ് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റും പെൻഷൻ പോർട്ടലായ സേവന സോഫ്റ്റ്‌വെയറും ഒത്തുനോക്കിയതിൽ നിരവധി പേർക്ക് ക്ഷേമപെൻഷൻ അനുവദിച്ചിട്ടില്ല എന്നു കാണുന്നു. പെൻഷൻ അനുവദിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ട ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. പേര്, മേൽവിലാസം ഇവ മാത്രമാണ് ഒത്തുനോക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ തിരിച്ചറിയൽ രേഖകൾ, മറ്റ് അനുബന്ധരേഖകൾ ഇവ പരിശോധിച്ച് പെൻഷന് അർഹമായ പട്ടികയിൽ പറഞ്ഞിട്ടുള്ളതും അല്ലാത്തതുമായ എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണ്ടേതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് | വയസ്സ് |
|---|---|---|---|
| 1. | പി ലീല<br>പാറയിൽ<br>കീഴ്കര | 1 | 67 |
| 2. | ഭവാനിയമ്മ(ശശികല)<br>കുറ്റിപ്പിനാക്കൽ<br>മേലുകര | 2 | 88 |
| 3. | മറിയാമ്മ ചെറിയാൻ(ചെറിയാൻ)<br>തെഞ്ചേരിൽ<br>മേലുകര | 2 | 73 |
| 4. | അജിതകുമാരി കെ കെ<br>(കുട്ടപ്പൻ) | 2 | 55 |

| | | | |
|---|---|---|---|
| | മേലുകര | | |
| 5. | ലീലാമണി<br>ആലംചേരിൽ | 2 | 55 |
| 6. | ഏബ്രഹാം വർഗ്ഗീസ്<br>കലക്കാലത്തു തുണ്ടിയിൽ<br>മേലുകര കിഴക്ക് | 3 | |
| 7. | ലിസ്സി<br>ലക്ഷം വീട്<br>മേലുകര | 4 | 47 |
| 8. | പാറു അമ്മ<br>(പ്രസന്ന)<br>കരിമ്പിൻ പ്ളാവിൽ | 4 | 81 |
| 9. | രാധാമണിയമ്മാൾ<br>കന്നേൽ പതാലിൽ വീട് | 4 | 66 |
| 10. | ഓമന<br>(മഹേഷ്)<br>കരിമ്പിൻ പ്ലാവിൽ | 4 | 59 |
| 11. | വിജയൻ<br>കൊട്ടക്കാട്ട് പറമ്പിൽ | 5 | 58 |
| 12. | വിജയ എസ്സ് നായർ<br>(ശാന്തമ്മ നായർ)<br>കമലാലയം | 5 | 60 |
| 13. | ചിന്ന കിട്ടൻ<br>രണ്ടുപാറയിടുക്കിൽ | 6 | 83 |
| 14. | തങ്കമ്മ<br>ചക്കനൊട്ട് | 6 | 63 |
| 15. | അന്നമ്മ കൊച്ചൂട്ടി<br>കെ എസ്സ് എച്ച് ബി ഹൗസിംഗ് കോളനി | 7 | 75 |
| 16. | ചെല്ലമ്മ<br>കുളത്തിൽ<br>കോഴഞ്ചേരി ഈസ്റ്റ് | 7 | 74 |
| 17. | രമാവതി(സുബ്രഹ്മണ്യൻ)<br>കെ എസ്സ് എച്ച് ബി ഹൗസിംഗ് കോളനി | 7 | 55 |
| 18. | ചക്കി<br>കല്ലുകാലായിൽ<br>തെക്കേമല | 8 | 72 |
| 19. | ശാന്ത<br>പുതിയാമണ്ണിൽ തെക്കേമല | 9 | 72 |
| 20. | മറിയാമ്മ വർഗ്ഗീസ്<br>മുല്ലശ്ശേരിൽ | 10 | 72 |
| 21. | മണിയമ്മ | 11 | 80 |

| | | | |
|---|---|---|---|
| | കൊച്ച വീട്ടിൽ | | |
| 22. | ശ്യാമള<br>വാലയിൽ | 11 | 64 |
| 23. | മറിയാമ്മ ജോർജ്<br>(അഗസ്റ്റി)<br>കണ്ടത്തിൽ മലയിൽ | 11 | 71 |
| 24. | കുഞ്ഞുമോൾ<br>(ജോസഫ്)<br>മട്ടക്കമലയിൽ | 11 | 71 |
| 25. | ശങ്കരിയമ്മ<br>പ്ളാന്തോട്ടത്തിൽ | 11 | 77 |
| 26. | സരസ്വതിയമ്മ<br>മേലേൽ | 13 | 81 |
| 27. | ലക്ഷ്മിക്കുട്ടിയമ്മ<br>തേനാലേത്ത് അടിമുറിയിൽ | 13 | 68 |

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന ഫണ്ട് വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39 പരിസരമലിനീകരണം - തുടർ നടപടി സ്വീകരിക്കേണ്ടത് അനിവാര്യം

1998-ലെ കേരള പഞ്ചായത്ത് രാജ് (പൊതു കുളുസുകൾ, മൂത്രപ്പുരകൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിൽ ശുചീകരണവും) ചട്ടങ്ങൾ പ്രകാരം പരിസര ശുചീകരണത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലെ പെനാൽറ്റി രജിസ്റ്റർ പ്രകാരം ആകെ 87 നോട്ടീസ് നൽകിയിട്ടുണ്ട്. ഇവർക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.1/22.08.2022) നൽകിയ മറുപടിയിൽ നോട്ടീസ് നൽകിയവരിൽ 70 പേരും തെറ്റ് മനസ്സിലാക്കി തിരുത്തിയതായും 15 പേരിൽ നിന്ന് പിഴ(54500 രൂപ) ഈടാക്കിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് പ്രകാരം തെറ്റു തിരുത്തുകയോ പിഴ അടവാക്കുകയോ ചെയ്തിട്ടില്ലാത്ത താഴെ പരാമർശിക്കുന്ന 2 പേർക്ക് 31.08.2022 വരെ പിഴ അടവാക്കുന്നതിന് സമയപരിധി അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ഈ സമയപരിധി കഴിയുന്ന മുറയ്ക്ക് ഇവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

പിഴ ഈടാക്കുവാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പിഴ ഈടാക്കുവാനായി നോട്ടീസ് കൈപ്പറ്റിയവർ | ചെയ്ത പരിസര മലിനീകരണ പ്രവൃത്തി |
|---|---|
| ബിജു ഇടിക്കുള<br>ചെറുവെട്ടോലിൽ<br>കോഴഞ്ചേരി | വീട്ടിൽ നിന്നുള്ള മലിനജലം നദിയിൽ ഒഴുക്കിയതിന് |
| വിജോ മാത്യു<br>പെയ്യാനിൽപ്ലാസ<br>കോഴഞ്ചേരി | ടിയാന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ സ്ഥാപനത്തിൽ നിന്നും മലിന ജലം നദിയിൽ ഒഴുക്കിയതിന് |

പിഴ അടവാക്കുവാനുള്ള സമയപരിധി അവസാനിയ്ക്കുന്നമുറയ്ക്ക് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം മാലിന്യ നിർമ്മാർജ്ജനം, ഖരമാലിന്യങ്ങൾ ശേഖരിക്കുക, കൈയൊഴിക്കുക, ദ്രവമാലിന്യം നീക്കം ചെയ്യുക, മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലകളാണ്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട 'ശുചിത്വ-മാലിന്യ സംസ്കരണം' എന്ന മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിലേക്കുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നം. 2420/2017ത.സ്വ.ഭ.വ തീയതി 15.07.2017 പ്രകാരം

പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും ജനങ്ങളെ ശുചിത്വമാലിന്യ സംസ്കരണ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും ബോധവൽക്കരിക്കുവാനും ശ്രമം നടത്തേണ്ടതാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തികൊണ്ടുപോകുന്നതിന് നിയോഗിച്ചിരിക്കുന്ന ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഊർജ്ജിതമായി നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ - തനതു ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത് 43.45 ലക്ഷം രൂപ

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ, മുൻ വർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ 43.45 ലക്ഷം രൂപ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക (പലിശ ഉൾപ്പെടെ) |
|---|---|---|
| 1. | ICDS കേന്ദ്രവിഹിതം | 13,68,400 |
| 2. | ഗ്രാന്റ് ഫോർ ഫെസ്റ്റിവൽസ് | 50,136 |
| 3. | ശുചിത്വമിഷൻ | 15,93,797 |
| 4. | പകർച്ചവ്യാധി നിയന്ത്രണം | 11,22,464 |
| 5. | KSFE-ൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനു ലഭിച്ച തുക | 1,06,337 |
| 6. | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 1,04,632 |
| | ആകെ | 43,45,766 |

ഒരു സ്പെഷ്യൽ പർപ്പസ് ഗ്രാന്റായി ലഭിക്കുന്ന തുക പ്രസ്തുത ആവശ്യത്തിന് ചെലവഴിക്കേണ്ടതാണ്. ചെലവഴിക്കാതെയോ, അല്ലെങ്കിൽ ചെലവഴിച്ചശേഷമോ ബാക്കി നിൽക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയത് ടി ആവശ്യത്തിന് ഉപയോഗിക്കുകയോ, അല്ലാത്തപക്ഷം ഫണ്ട് നല്കിയ ഏജൻസിയുടെ നിർദ്ദേശാനുസരണം തിരിച്ചുനല്കുകയോ ചെയ്യേണ്ടതാണ്.

## 1-41 സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക 14.81 ലക്ഷം ചെലവഴിക്കാതെ ശേഷിക്കുന്നു

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ചതും 31.03.2022ൽ ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകയുടെ ഇനം തിരിച്ചുള്ള വിവരം എ.സി.ആറി.-ൽ എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. തുകകളുടെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജോയിന്റ് വെഞ്ചർ ജില്ലാപഞ്ചായത്ത്-ക്യാപിറ്റൽ ചെലവിന് ലഭിച്ച വിഹിതം | 3,42,860 |
| ജോയിന്റ് വെഞ്ചർ ജില്ലാപഞ്ചായത്ത്-റവന്യൂ ചെലവിന് ലഭിച്ച വിഹിതം | 8,91,587 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക്പഞ്ചായത്ത്-റവന്യൂ ചെലവിന് ലഭിച്ച വിഹിതം | 2,46,999 |

23.01.2017-ലെ ധനകാര്യ വകുപ്പിന്റെ (എസ്.എഫ്.സി സെൽ-എ)-യുടെ ജി.ഒ(പി) നം. 07/2017/ധന. ഉത്തരവ് പ്രകാരം ബ്ലോക്ക്, ജില്ലാപ്പഞ്ചായത്ത് വഴി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച മോണിറ്ററിംഗ് കൃത്യമായി നടത്തേണ്ടതും പ്രോജക്ടുകൾ പൂർത്തീകരിക്കേണ്ടതുമാണെന്നും ചെലവഴിക്കാൻ കഴിയാതെ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ഫെബ്രുവരി 28-ന് മുമ്പ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകി പ്രോജക്ട് സ്പിൽ ഓവറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെന്നും പരാമർശിക്കുന്നു. പ്രോജക്ട് പൂർത്തിയായതിനുശേഷം അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണെന്നും ഈ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

മേൽ പട്ടികയിൽ പരാമർശിക്കുന്ന സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക വിനിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതിനുശേഷം അവശേഷിക്കുന്ന തുക സർക്കാറിന്റെ സഞ്ചിയനിധിയിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-42 മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല - മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല

സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി., മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങലിനായി മുൻകൂർ പണം നല്കിയെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചിട്ടും മരുന്ന് ലഭ്യമാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി 2,12,000 രൂപ മരുന്നുവാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം., പദ്ധതിയുടെ പേര് | ലഭ്യമാകുവാനുള്ള മരുന്നിന്റെ വിവരം | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം (രൂപ) |
|---|---|---|---|
| | ചെലവ് ബിൽ റഫറൻസ് നം. | പ്രഫോമ ഇൻവോയിസ് നം. | |
| S0021/22 – പാലിയേറ്റീവ് കെയർ | ₹ 112000<br>BRNo. 2013401528116<br>Date 30.03.2022 | PRF7497<br>Dt 29.03.2022<br>₹ 112000 | ₹ 77,283 |
| | ₹ 1,00,000<br>BRNo. 2013401389669<br>Date 21.03.2022 | PRF5978<br>Dt 21.02.2022<br>₹ 1,00,000 | ₹ 1,00,000 |

മേൽ പട്ടിക പ്രകാരം അവശേഷിക്കുന്ന 1,77,283 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.30 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയിൽ അശരണരും ശയ്യാവലംബരുമായ രോഗികൾക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ കോഴഞ്ചേരി ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 രൂപ ദ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം, പദ്ധതിയുടെ പേര് | ലഭ്യമാകുവാനുള്ള മരുന്നിന്റെ വിവരം | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|
| | ചെലവ് ബിൽ റഫറൻസ് നം | പ്രഫോമ ഇൻവോയിസ് നം. | |
| S0006/22 – കോഴഞ്ചേരി ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | ₹ 50,000<br>BRNo. 2013600870604<br>Date 31/12/2021 | PS 936<br>Dt 10.11.2021<br>₹ 50,000 | പ്രഫോമാ ഇൻവോയിസ് പ്രകാരമുള്ള മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |

മേൽ പട്ടിക പ്രകാരം അവശേഷിക്കുന്ന 50,000 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.31/31.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്ന് അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധ പ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-43 ഇ-ടെണ്ടർ ഫീസ് തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 80923 രൂപ തിരികെ ഈടാക്കിയിട്ടില്ല. 2017-18 മുതൽ 2021-22 വരെ കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രോജക്ടുകളുടെ ടെണ്ടർ ഫീസ് ഇനത്തിൽ

കരാറുകാരിൽ നിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ തുകയാണ് തിരികെ ഈടാക്കാനുള്ളത്.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടറുകളുടെ എണ്ണം | തുക |
|---|---|---|
| 2017-18 | 6 | 21300 |
| 2018-19 | 7 | 11400 |
| 2019-20 | 10 | 24738 |
| 2020-21 | 4 | 10150 |
| 2021-22 | 5 | 13335 |
| ആകെ | | 80923 |

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 80923 രൂപ മടക്കി വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് അരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൗണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇ തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് തുറക്കേണ്ടതാണ്.

## 1-44 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നതായി കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/23.08.22) നൽകിയ മറുപടി പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരം ലഭ്യമാക്കി.

| സപ്ലയേഴ്സ് സെക്യൂരിറ്റി ഡിപ്പോസിറ്റ്-340100202 | | | | |
|---|---|---|---|---|
| വർഷം | തീയതി | രസീത് നമ്പർ | ഡെപ്പോസിറ്ററുടെ പേര് | തുക |
| 2014-15 | 01.04.2015 | | മുന്നിരിപ്പ് | 1000 |
| | 03.09.2015 | 11503103365 | Plaza Enterprises | 1000 |
| | 03.09.2015 | 11503103369 | Al-Mana Trading | 7500 |
| | 03.09.2015 | 11503103370 | Al-Mana Trading | 1000 |
| 2016-17 | 18.11.2016 | 116031005646 | Thampurankalayil | 12500 |
| 2018-19 | 30.08.2018 | 118030103030 | Hima Distributors | 12500 |
| ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡിപ്പോസിറ്റ്- 340100203 | | | | |
| | 2013-14 | 41300342 | Ashok Gopinath | 110000 |
| | | 41300343 | Ashok Gopinath | 1000 |

| | | | | |
|---|---|---|---|---|
| | | 11303107022 | Jomon C Willams | 4200 |
| | | 11303107033 | K P Sanal | 217000 |
| | | 11303500071 | Rajesekharakurup | 300000 |
| | | 11303107038 | K P Rajendranpillai | 100600 |
| | | 11303107039 | G Pradeep | 3840 |
| | | 11303107062 | Rajesekharakurup | 416000 |
| | | 11303107362 | Suni K Soman | 333000 |
| | 2014-15 | 11403100018 | Liju Philip | 10000 |
| | | 11403100007 | Abraham George | 500000 |
| | | 11403100246 | Somasekaharn Nair | 500000 |
| | | 11403100247 | Lillykutty Joseph | 500000 |
| | | 11403100280 | Gopalakrishnan | 500000 |
| | | 90655100095 | Satheesan K R | 68800 |
| | | 11403107731 | Al- Mana Trading | 2500 |
| | | 11403109214 | P P Mathew | 800 |
| | | 11403111854 | P P Mathew | 8700 |
| | 2015-16 | 11503103612 | C Radhakrishnan | 55600 |
| | | 11503103618 | Rajesh C M | 51000 |
| | | 11503103619 | Rajesh C M | 61000 |
| | | 11503103621 | Suma Murali | 56000 |
| | | 11503103800 | Rajesh C M | 91000 |
| | | 11503103801 | Rajesh C M | 91000 |
| | | 11503103804 | G Radhakrishnan | 90900 |
| | 2017-18 | 11703010848 | K P Rajendranpillai | 180900 |
| കോൺട്രാക്റ്റേഴ്സ് റിട്ടെൻഷൻ-340100301 | | | | |
| 2017-18 | 29.03.2018 | 117100900041 | A E,LSGD | 3332 |
| 2018-19 | 23.03.2019 | 118100900056 | Kudumbasree Café | 2497 |
| മറ്റ് ഡിപ്പോസിറ്റുകൾ-340109901 | | | | |
| 2015-16 | 29.04.2015 | 11503100771 | Sadasivan Nair | 100000 |
| | 29.04.2015 | 11503100783 | Suresh | 100000 |
| | 29.04.2016 | 11503100789 | K K Sughathan | 100000 |
| | 04.01.2016 | 11503500058 | Manager,SBI | 54000 |
| റെന്റ് ഡിപ്പോസിറ്റ്-340200101 | | | | |
| | 01.04.2018 | | Opening Balance | 2328791 |
| | 23.04.2018 | 118030100467 | Jyothi S Raj | 1000 |
| | 23.05.2018 | 118030500013 | Manager,SBI | 50000 |
| | 11.06.2018 | 118030500021 | | 60000 |
| | 09.07.2018 | 118030102333 | Rajesh | 1000 |
| ലേലഡിപ്പോസിറ്റ് -340200102 | | | | |
| 2018-19 | 01.04.2018 | | Opening Balance | 5249285 |
| | 21.12.2018 | 118030105426 | V G Sreekanth | 100000 |
| | 19.03.2019 | 118030108150 | Buvana Chandran | 142000 |
| | 19.03.2019 | 118030108152 | Rajasekharakuruppu | 359400 |
| | 19.03.2019 | 118030108153 | V G Sreekanth | 93000 |

| | | | | |
|---|---|---|---|---|
| | 20.03.2019 | 118030108228 | Sunil Soman | 15200 |
| | 25.03.2019 | 118030108401 | Biju P Mathew | 11000 |
| | 25.03.2019 | 118030108402 | Biju P Mathew | 11000 |
| | ഓഡിറ്റോറിയം, ഹാൾ എന്നിവയുടെ ഡിപ്പോസിറ്റ് -340200106 | | | |
| | 14.05.2012 | 11203101031 | Secretary | 500 |
| | 25.07.2015 | 11503500043 | Malayala Manorama | 2000 |
| | 21.10.2015 | 11503104322 | C K Samual | 1000 |
| | 30.01.2016 | 115030105751 | Prasannakumar | 2000 |
| | 05.08.2017 | 117030103736 | C K Samual | 2000 |
| | 09.11.2017 | 117030105706 | Paster-Immanual | 1000 |
| | 31.03.2018 | 117030109303 | Gen Secretary,VVSS | 1000 |
| | 31.03.2018 | 117030100455 | Deepa Benny | 1000 |
| | 31.03.2018 | 11703010058 | Secretary,AKKA | 1000 |
| | 26.04.2018 | 118030100565 | Roy M Mathew | 1000 |
| | 09.07.2018 | 118030102382 | Rajesh | 4000 |
| ഇലക്ഷൻ നോമിനേഷൻ ഡിപ്പോസിറ്റ്-340800101 | | | | |
| | 14.10.2015 | 11503104174 | Latha | 1000 |
| | 14.10.2015 | 11503104175 | Roy Mathew | 1000 |
| | 14.10.2015 | 11503104179 | Beena | 1000 |
| | 14.10.2015 | 11503104191 | Vishambharan | 500 |
| | 13.10.2015 | 11503104096 | Santhosh Kumar P A | 1000 |
| | 13.10.2015 | 11553104098 | Jolly Philip Cheriyan | 1000 |
| | 13.10.2015 | 11503104106 | Wilson Varghese | 1000 |
| | 13.10.2015 | 11503104113 | Nagendra | 1000 |
| | 13.10.2015 | 11503104123 | Thomas TA | 1000 |
| | 13.10.2015 | 11503104133 | Bindhu | 1000 |
| | 13.10.2015 | 11503104146 | P K Raghavan | 1000 |
| | 13.10.2015 | 11503104151 | Deepthi Rajan | 1000 |
| | 13.10.2015 | 11503104153 | M S Pushparajan | 500 |
| | 13.10.2015 | 11503104155 | Sadhanandhan | 500 |
| | 13.10.2015 | 11503104156 | Roy P Samual | 1000 |
| | 13.10.2015 | 11503104157 | Varghese Samual | 1000 |
| | 13.10.2015 | 11503104151 | Saji C K | 1000 |
| | 13.10.2015 | 11503104162 | Shibu Philip | 1000 |
| | 13.10.2015 | 11503104163 | Sudha | 1000 |
| | 13.10.2015 | 11503104165 | Ushakumari | 1000 |
| | 13.10.2015 | 11503104168 | Reena Alex | 1000 |
| | 13.10.2015 | 11503104170 | Molykutty | 1000 |
| | 13.10.2015 | 11503104171 | Celin Thomas | 1000 |
| | 13.10.2015 | 11503104172 | Krishnan | 500 |
| | മുതൽ കൂട്ടേണ്ട ആകെ തുക | | | 71,28,400 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ

സജ്ജീകരണവും ക്രമീകരണവും റിക്കോർഡുകളുടെ പരിപാലനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. ഡിപ്പോസിറ്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം (ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് ക്യാരിഓവർ ചെയ്യുവാനും) കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

സെക്യൂരിറ്റി രജിസ്റ്റർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ മുതൽ കൂട്ടാൻ ഭരണസമിതിയുടെ തീരുമാനമെടുക്കേണ്ടതും, ആയതു പ്രകാരം ₹ 71,28,400 രൂപ അടിയന്തിരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-45 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കണം

തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ പണമിടപാടുകൾ നടത്തുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കാനറാ ബാങ്ക് കോഴഞ്ചേരി ബ്രാഞ്ചിൽ തുറന്നിട്ടുള്ള 3589201000036 നമ്പർ കറന്റ് അക്കൗണ്ടിൽ 18.01.2022 തീയതിയിൽ 287387 രൂപ നീക്കിയിരിപ്പുണ്ട് (ഇതിനുശേഷം പാസ് ബുക്ക് പതിപ്പിച്ചിട്ടില്ല). കരാറുകാരുടെ ബില്ലിൽനിന്നും ഈടാക്കിയിട്ടുള്ള ഫൈൻ, ഒരു ശതമാനം തൊഴിലാളി ക്ഷേമനിധി കളക്ഷൻ ചാർജ് എന്നീ ഇനങ്ങളിലുള്ള തുകയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നതെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. പ്രസ്തുത തുകകൾ പഞ്ചായത്തിന്റെ തനത് വരവാണ്. തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 നിഷ്ക്രിയമായ അക്കൗണ്ടിലെ തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഷെഡ്യൂൾ ബി17- ടി ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ നിലവിൽ പ്രവർത്തന രഹിതമാണ്. ഷെഡ്യൂൾ ബി17 പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് നം. | അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് തുക |
|---|---|---|
| 450210101 | SBT SB Account[57028900702] | 18,498 |
| 450210102 | Punjab National Bank OwnFund | 52,853 |
| 450230101 | DCB Own Fund[01] | 2,039 |
| 450250110 | Treasury TSB A/C | 9,823 |
| 450430101 | DCB [05] Saksharatha | 137 |
| | | ₹ 83,350 |

മേൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തന രഹിതമായ അക്കൗണ്ടുകൾ അവസാനിപ്പിച്ച് ഇതിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല

17.04.2020-ലെ ജി.ഒ.(ആർ.ടി.)നം.2816/2020/Fin. നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്തെ ബിറ്റുമിന്റെ വിലയും പർച്ചേയ്സ് സമയത്തെ വിലയും തമ്മിലുള്ള വ്യത്യാസം കണക്കുകൂട്ടി കരാറുകാർക്ക് അനുവദിക്കുകയോ, തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും കരാറുകാർ പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വില വ്യത്യാസം ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന്

നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊച്ചുവീട്ടിൽ പടി നിലമേൽപാടം റോഡ് പുനരുദ്ധാരണം വാർഡ് 11 (പ്രോ.നം.90/22)

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ കെ.ജി. വിത്സൺ |
| അടങ്കൽ | ₹135000 (MGR) |
| ടെണ്ടർ/ക്വട്ടേഷൻ തീയതി | 04.09.2020 |
| കരാർ നം. | 51/AE/LSGD/KZY/2020-21, Dtd. 08/09/2020 |
| ഫൈനൽ ബിൽ തുക, | 130379 |
| ബിൽ നമ്പർ | 110/05.11.2021 |
| എം.ബുക്ക് നം. | 51/20-21 |

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/Kg |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550493549/15.10.20 (BPCL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5051.28 | 32.38 | 1 Brl = 156 Kg. |
| RS-1 | Brl | 6016.92 | 33.06 | Brl = 182 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 953.599 Kg | 4.44 | 4233.98 |
| RS-1 | 86.528 Kg | 3.41 | 295.06 |
| Total | | | 4529.04 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹4529

2. വള്ളിപ്ലാവ് നിൽക്കുന്നതിൽ നെഗരിയിൽപടി റോഡ് റീ ടാറിംഗ് (പ്രോ.നം.141/22)

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ കെ.ജി. വിത്സൺ |
| അടങ്കൽ | ₹285000 (MGR) |
| ടെണ്ടർ/ക്വട്ടേഷൻ തീയതി | 04.09.2020 |
| കരാർ നം. | 53/AE/LSGD/KZY/2020-21, Dtd. 08/09/2020 |
| ഫൈനൽ ബിൽ തുക, | 282519 |
| ബിൽ നമ്പർ | 115/05.11.2021 |
| എം.ബുക്ക് നം. | 53/20-21 |

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550493549/15.10.20 (BPCL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5051.28 | 32.38 | 1 Brl = 156 Kg. |
| RS-1 | Brl | 6016.92 | 33.06 | Brl = 182 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 2031.55 Kg. | 4.44 | 9020.08 |

| | | | |
|---|---|---|---|
| RS-1 | 185.63 Kg. | 3.41 | 633.00 |
| Total | | | 9653.08 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹9653

3. മന്ദിരംപടി പ്ലാംതോട്ടംപടി വാലേൽപടി റോഡ് പുനരുദ്ധാരണം വാർഡ് 11 (പ്രോ.നം.94/22)

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ കെ.ജി. വിത്സൺ |
| അടങ്കൽ | ₹138000 (MG(R)) |
| ടെണ്ടർ/ക്വട്ടേഷൻ തീയതി | 04.09.2020 |
| കരാർ നം. | 54/AE/LSGD/KZY/2020-21, Dtd. 08/09/2020 |
| ഫൈനൽ ബിൽ തുക, | 121860 |
| ബിൽ നമ്പർ | 111/05.11.2021 |
| എം.ബുക്ക് നം. | 54/20-21 |

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550493549/15.10.20 (BPCL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5051.28 | 32.38 | 1 Brl = 156 Kg. |
| RS-1 | Brl | 6016.92 | 33.06 | Brl = 182 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 963.14 Kg. | 4.44 | 4276.34 |
| RS-1 | 86.40 Kg. | 3.41 | 294.88 |
| Total | | | 4571.22 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹4571

സർക്കാർ ഉത്തരവ് പ്രകാരം മേൽ പറഞ്ഞ മൂന്ന് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ടാറിന്റെ വില വ്യത്യാസം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ 18753 (4529+9653+4571) രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/27.08.22) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരനിൽനിന്നും നഷ്ടം ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 അധികം ഇനം പ്രവൃത്തികൾക്ക് ടെണ്ടർ വ്യതിയാനം പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു

| |
|---|
| പ്രോജക്റ്റ് നം. - 132/22 |
| അടങ്കൽ - 519461 |
| കരാറുകാരൻ - ശ്രീ കെ.ജി. വിത്സൻ |
| പി.എ.സി. - 463300.25 (Agreed PAC) |
| ചെലവ് - 463300 |
| ബിൽ നം., തീ. - 114/05.11.21 |
| എം. ബുക്ക് നം. 59/19-20 |

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ടായ കാലായിൽപ്പടി കരിപ്പാലപറമ്പിൽപടി ചിറക്കരോട്ട് റോഡ് പാർശ്വഭിത്തി നിർമ്മാണം (പ്രോ.നം.132/22) ഇ-ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. 529459 രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ ശ്രീ കെ.ജി. വിത്സൻ എന്ന കരാറുകാരന്റെ

12.5% കുറഞ്ഞ നിരക്ക് (463300 രൂപ) രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ച് കരാർ നൽകി. നിർവ്വഹണമധ്യേ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ ആവശ്യമായിവന്ന സാഹചര്യത്തിൽ അസ്സൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത രണ്ട് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങി. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തി കരാറുകാരന് ഫൈനൽ ബിൽ നൽകിയ വേളയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് വഴി 19965.87 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | കരാറുകാരന് നൽകിയ തുക (എസ്റ്റിമേറ്റ് നിരക്ക്) | | | കരാറുകാരന് അർഹമായ തുക | | | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| ഇനം | ചെയ്ത പ്രവൃത്തി | Qty. | Rate | Amount | Qty. | Rate (12.5% Below) | Amount | |
| EXTRA ITEM 1 | 12.4.3.3 Stone Masonry In Cement Mortar For Subsgructure Complete As Per Drawing And Technical Specification Clauses 702, 704, 1202 And 1204 III. Random Rubble Masonry In Cement Mortar (1:5) | 8.629m$^2$ | 6295.39 | 54322.92 | 8.629m$^2$ | 5508.47 | 47532.59 | 6790.33 |
| EXTRA ITEM 2 | 11.2.2. Filling In Foundation Trenches As Per Drawing And Technical Specification Clause 305.3.9 2. Earth Filling (For Marshy Soil) | 157.500m$^2$ | 329.74 | 51934.05 | 141.750 M$^2$ | 288.52 | 40897.71 | 11036.34 |
| | ആകെ | | | 106256.97 | | | 88430.3 | 17826.67 |
| | കൂട്ടുക – 12% GST | | | 12750.84 | | | 10611.64 | 2139.2 |
| | ആകെ മൊത്തം | | | 119007.81 | | | 99041.93 | 19965.87 |

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/29.08.22) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിക്ക് അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാരന് അധികം നൽകിയ 19966 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| സ്ഥാപനം | തുക | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 36207 | അംഗന വാടി പോഷകാഹാര പദ്ധതി | 36207 |
| ബ്ലോക്ക് പഞ്ചായത്ത് | 36048 | പാലിന് സബ്സിഡി | 36048 |
| ബ്ലോക്ക് പഞ്ചായത്ത് | 320000 | ലൈഫ് പദ്ധതി | 320000 |
| ബ്ലോക്ക് പഞ്ചായത്ത് | 425000 | നെൽകൃഷി വികസനം | 425000 |
| ബ്ലോക്ക് പഞ്ചായത്ത് | 44190 | കോവിഡ്19-ഡൊമിസിലിയറി കെയർ സെൻററുകളുടെ സജ്ജീകരണംനടത്തിപ്പ് | 44190 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | മുലയൂട്ടുന്ന അമ്മമാർക്കുള്ള വിശ്രമ കേന്ദ്രം നിർമ്മാണം | 130702 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് അധിക സൗകര്യം ഒരുക്കൽ | 99242 |
| ബ്ലോക്ക് പഞ്ചായത്ത് | 97800 | പാലിയേറ്റീവ് കെയർ | 97800 |
| ജില്ലാ പഞ്ചായത്ത് | 59300 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 59300 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 |
| ജില്ലാ പഞ്ചായത്ത് | 50000 | കോവിഡ്19-ഡൊമിസിലിയറി കെയർ സെൻററുകളുടെ സജ്ജീകരണംനടത്തിപ്പ് | 50000 |
| ജില്ലാ പഞ്ചായത്ത് | 300000 | ടേക്ക് എബ്രേക്ക് പ്രോജക്ട് പൊതുശൌചാലയനിർമാണം | 152322 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ് (യൂട്ടിലൈസേഷന് ലഭിച്ചിട്ടുള്ളത്) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇബി | 113/22- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്ററൻഷൻ | | 809466 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല | 809466 |
| കെ എസ് ഇബി | 175 /22- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 55194 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല | 55194 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 740000 | 429837 | 310163 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 660000 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല | 660000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തന് സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2005 -2006 | ഖണ്ഡിക 2-1 | 714/- | സബീന എച്ച്, എൽ.ഡി.ക്ളാർക്ക്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 121030105131 Dtd 11.1.2022 |
| 1996 - 1997 | ഖണ്ഡിക 37 | 200/- | എം.ജി സ്കറിയ, സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 121030105168 Dtd 11.1.2022 |
| 1996 -1997 | ഖണ്ഡിക 31 | 336/- | എം.ജി.സ്കറിയ, സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 121030105169 Dtd 11.01.2022 |
| 1999 - 2000 | ഖണ്ഡിക 13 | 448/- | ആനി ജോസഫ്, വിജയൻ നായർ, മറിയാമ്മ ജോൺ, ഡി.സുരേന്ദ്രൻ, ശാന്തകുമാരി. (ടി കാലയളവിലെ ഭരണ സമിതി അംഗങ്ങൾ ) | 121030105172 Dtd 11.01.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2.6 | 2016- 2017 | | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | 04.06.2019 ലെ സി6 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2014-2015 | 2.5(1) | 2016-2017 | | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. | 04.06.2019 ലെ സി6 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2015-2016 | 2.7 | 2016-2017 | | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | 04.06.2019 ലെ സി6 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73561437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55486149 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38719 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 151602 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും , ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 18753 | ശ്രീമതി ദീപ കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 19966 | ശ്രീമതി ദീപ കെ., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക :

1-29 – 145170

1-35 – 6432

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം :

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., കോഴഞ്ചേരി | കോട്ടൂർ വീട്, വെട്ടിക്കവല പി.ഒ., കൊട്ടാരക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | നം.എൽഎഫ്.പിറ്റിഎ.പി2-232/99 തീയതി 8.11.2000/5.12.2000 | 33 |
| 1998-99 (ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി2-672/99 തീയതി 7.6.2000/8.8.2000 | |
| 1999-00 | നം.എൽഎഫ്.പിറ്റിഎ.പി2-635/01 തീയതി 2.11.2001/6.4.2002 | 14 |
| 2002-03 | നം.എൽഎഫ്.പിറ്റിഎ.പി3-187/07 തീയതി 6.3.2007/13.3.2007 | 1 (2-9) |
| 2002-03 (വരവ്) | നം.എൽഎഫ്.പിറ്റിഎ.പി11-288(എ)/09 തീയതി 16.11.2009/08.11.2011 | 6 (2-1, 2-2, 2-3, 2-4, 2-5, 2-6) |
| 2004-05 | നം.എൽഎഫ്.പിറ്റിഎ.പി11-48/10 തീയതി 13.4.2010 | 3 (2-4(എ), 3-5, 3-26) |
| 2005-06 | നം.എൽഎഫ്.പിറ്റിഎ.പി6-395/11 തീയതി 07.06.2011/05.09.2013 | 2 (3-4, 3-5) |
| 2008-09 | നം.എൽഎഫ്.പിറ്റിഎ.പി6-91/12 തീയതി 14.5.2012/4.3.2013 | |
| 2009-10 | നം.എൽഎഫ്.പിറ്റിഎ.പി6-92/12 തീയതി 11.5.2012/4.3.2013 | |

| | | |
|---|---|---|
| 2011-12 | നം.എൽഎഫ്.പിറ്റിഎ.പി12-441/13<br>തീയതി 3.10.2013/18.1.2014 | 25<br>(2-1 മുതൽ 2-6<br>വരെ,<br>3-1 മുതൽ 3-19<br>വരെ) |
| 2012-13&2013-14 | നം.എൽഎഫ്.പിറ്റിഎ.പി5-1018/14<br>തീയതി 11.3.2015/11.5.2015 | 2 (3-7, 3-9) |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി5-488/16<br>തീയതി 4.5.2016 | 4 (2-5, 2-6, 2-7,<br>3-5) |
| 2015-16 | നം.കെഎസ്എ.പിറ്റിഎ.പി5-436/16<br>തീയതി 23.1.2017 | 1 (3-3) |
| 2016-17 | നം.കെഎസ്എ.പിറ്റിഎ.പി9-1024/17<br>തീയതി 14.09.2017 | 10(2-2, 2-4, 3-4,<br>3-5, 3-6, 3-8, 3-12,<br>3-13, 3-14, 3-17) |
| 2017-18 | കെ.എസ്.എ.പിറ്റി.എ പി5/1137/18<br>തീയതി 04/08/2018 | 3 (2-7, 3-5, 3-10) |
| 2018-19 | കെ.എസ്.എ.പിറ്റി.എ പി5/719/2019<br>തീയതി 25.07.2019 | 5 (2-2, 2-8, 3-4,<br>3-6, 3-7) |
| 2019-20 | കെ.എസ്.എ.പിറ്റി.എ പി5 /501/2020<br>തീയതി 11.8.2021 | |
| 2020-21 | കെ.എസ്.എ. പി.ടി.എ. പി - 5/502/2021<br>തീയതി 26/08/2021 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട,

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്